# ടൈംസ് ഓഫ് അമേരിക്കൻമലയാളി
## സാംസ്കാരികം

TIMES OF AMERICAN MALAYALI

2025
ഒക്ടോബർ





Chief Editor: **George Thazhakara**
Tel: + 944 73 55710, 8921587848
e-mail:**georgethazhakara@gmail.com**



www.timesofamericanmalayali.com




സുഹൃത്തുക്കളേ,

നമ്മുടെ ഉത്സവങ്ങൾ ഭാരത സംസ്കാരത്തെ സജീവമായി നിലനിർത്തുന്നു. ദീപാവലിക്ക് ശേഷം വരുന്ന ഒരു പുണ്യ ഉത്സവമാണ് ഛഠ് പൂജ. സൂര്യദേവന് സമർപ്പിതമായ ഈ മഹോത്സവം സവിശേഷമാണ്. ഇതിൽ, ഞങ്ങൾ അസ്തമയ സൂര്യന് നിവേദ്യം അർപ്പിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. ഛഠ് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മാത്രമല്ല, ലോകമെമ്പാടും ഇത് ആഘോഷിക്കപ്പെടുന്നു. ഇന്ന് ഇത് ഒരു ആഗോള ഉത്സവമായി മാറിക്കൊണ്ടിരിക്കുകയാണ്. സുഹൃത്തുക്കളേ, ഛഠ് പൂജയുമായി ബന്ധപ്പെട്ട് ഭാരത സർക്കാരും ഒരു വലിയ ശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്നുണ്ടെന്ന് നിങ്ങളെ അറിയിക്കുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഛഠ് പൂജയെ യുനെസ്കോയുടെ Intangible Cultural Heritage list അതായത് അദൃശ്യ സാംസ്കാരിക പൈതൃക പട്ടികയിൽ ഉൾപ്പെടുത്താൻ ഭാരത സർക്കാർ ശ്രമിക്കുന്നു. ഛഠ് പൂജയെ യുനെസ്കോ പട്ടികയിൽ ഉൾപ്പെടുത്തുമ്പോൾ, ലോകത്തിന്റെ എല്ലാ കോണുകളിലുമുള്ള ആളുകൾക്ക് അതിന്റെ മഹത്വവും ദിവ്യത്വവും മനസ്സിലാക്കാൻ കഴിയും.


**വാക്കും പൊരുളും – 2**
ആദ്യമാതൃകയാകുന്ന വ്യവസായ പ്രദർശനം
**ഡോ.പല്പു.......... 3**



**കോടതി കഥകൾ – 31**
സീനിയർ ഗുമസ്തനും ജൂനിയർ വാസുപിള്ളയും
**അഡ്വ. വർഗീസ് പി. തോമസ് .......... 4**



**സാംസ്കാരികം .......... 5**



ഗാന്ധി സ്മരണ
**എന്റെ ഗുരുനാഥൻ**

**100 വർഷം മുമ്പ് .......... 6**

DAYS AND DATES IN OCTOBER 2025


# ഇന്ത്യയുടെ മെട്രോമാൻ എന്ന ഇതിഹാസ എഞ്ചിനീയർ: ഡോ: ഇ.ശ്രീധരൻ

**ഷൈജു ഇലഞ്ഞിക്കൽ**



**ഇ**ന്ത്യയുടെ മെട്രോമാൻ എന്ന ഇതിഹാസ എഞ്ചിനീയർ: ഡോ:ഇ.ശ്രീധരൻ ഈ ശ്രീധരൻ അഥവാ ഡോക്ടർ ഏലാട്ടു വളപ്പിൽ ശ്രീധരൻ ജനനം 1932 ജൂലൈ 12 പാലക്കാട്.

ഇദ്ദേഹത്തെ ബഹുമാനപൂർവ്വം മെട്രോമാൻ എന്ന് വിളിക്കുന്നു. ഇന്ത്യൻ പുതുതലമുറ ആധുനികവത്കരികുന്നതിൽ ഒരു പ്രധാന പങ്ക് ഇദ്ദേഹം വഹിച്ചിട്ടുണ്ട്.

ഡൽഹി മെട്രോ റെയിൽവേ സ്ഥാപിച്ചത് ഇദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു. ഡൽഹി മെട്രോ റെയിൽവേക്ക് പുറമേ കൊൽക്കത്ത മെട്രോ റെയിൽവേ, കൊങ്കൺ തീരദേശ പാത, തകർന്ന പാമ്പൻ പാലത്തിന്റെ പുനർനിർമ്മാണം തുടങ്ങി ശ്രദ്ധേയമായ പല ജോലികൾക്കും അദ്ദേഹം നേതൃത്വം നൽകിയിട്ടുണ്ട്. ഇന്ത്യൻ പാർലമെന്റ് 2001ൽ പദ്മശ്രീയും 2008ൽ പദ്മഭൂഷണും നൽകി ആദരിച്ചിട്ടുണ്ട്. 2005ൽ ഫ്രഞ്ച് ഗവൺമെന്റ് ഇദ്ദേഹത്തെ ഷെവലിയർ ഡി.ലീജിയോൺഡി ഹോണർ പുരസ്കാരം നൽകി ആദരിക്കുകയുണ്ടായി.

ആന്ധ്രയിലെ ഗവൺമെന്റ് എൻജിനീയറിങ് കോളേജ് കാക്കിനാദ ജെഎൻടി യുവിൽ നിന്നും ബിരുദം നേടി.

ജനിച്ചത് പാലക്കാട് ജില്ലയിലെ പട്ടാമ്പിക്ക് അടുത്തുള്ള കറുകപ്പുത്തൂർ എന്ന ഗ്രാമത്തിലാണ്. പേരിലെ ഏലാട്ടുവളപ്പിൽ എന്നത് അദ്ദേഹത്തിന്റെ കുടുംബനാമമാണ്. പാലക്കാട് ചാത്തന്നൂർ ലോവർ പ്രൈമറി സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. പാലക്കാട് ബിഇഎം ഹൈസ്കൂളിൽ പഠിക്കുമ്പോൾ ഇന്ത്യയുടെ മുൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറായിരുന്ന ടി.എൻ. ശേഷൻ ഇദ്ദേഹത്തിന്റെ സഹപാഠിയായിരുന്നു.

സ്കൂൾ പഠനത്തിനുശേഷം പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിൽ നിന്നും ബിരുദവും ഇന്നത്തെ ജെഎൻടി യു ആയ ഗവൺമെന്റ് എൻജിനീയറിങ് കോളേജ് കാക്കിനാടിൽ നിന്നും എൻജിനീയറിങ്ങിൽ ബിരുദം നേടി.

കോഴിക്കോട് പോളിടെക്നിക്കിലെ ഒരു ചെറിയ കാലത്തെ അധ്യാപകവൃത്തിക്ക് ശേഷം ബോംബെ പോർട്ട് ട്രസ്റ്റിൽ അപ്രന്റീസ് ആയി ജോലി ചെയ്തു . അതിനുശേഷം ഇന്ത്യൻ റെയിൽവേയിൽ ഒരു സർവീസ് എൻജിനീയറായി ജോലി ആരംഭിച്ചു. ദേശീയ അടിസ്ഥാനത്തിലുള്ള ഒരു പരീക്ഷയുടെ അടിസ്ഥാനത്തിലായിരുന്നു ഇത്. ആദ്യത്തെ ജൂലൈ 1954 സതേൺ റെയിൽവേസിൽ പ്രൊഫഷണൽ അസിസ്റ്റന്റ് എൻജിനീയറായിരുന്നു. കുറച്ചുകാലം ഗവൺമെന്റ് പോളിടെക്നിക് കോഴിക്കോട് എന്നിവിടങ്ങളിൽ സിവിൽ എൻജിനീയറിങ്ങിൽ ലെക്ചററായി ജോലി ചെയ്തിട്ടുണ്ട്.

ബോംബെ തുറമുഖ ട്രസ്റ്റിൽ ഒരു വർഷത്തോളം അദ്ദേഹം ജോലിയിൽ പ്രവേ ശിച്ചിട്ടുണ്ട്. പിന്നീട് 1953ൽ യുപിഎസ്സി നടത്തിയ എൻജിനീയറിങ് സർവീസസ് പരീക്ഷ വിജയിച്ചതിനുശേഷം ഇദ്ദേഹം ഇന്ത്യൻ എൻജിനീയറിങ് സർവീസിൽ ചേർന്നു. 1954 ഡിസംബറിൽ സെക്കൻഡ് റെയിൽവേയിൽ പ്രൊഫഷണൽ അസി സ്റ്റന്റ് എൻജിനീയറായിട്ടായിരുന്നു ആദ്യ നിയമനം.

1964 ഡിസംബർ മാസത്തിലുണ്ടായ ചുഴലിക്കാറ്റിനെ തുടർന്നാണ് രാമേശ്വരം ഗ്രാമത്തെ തമിഴ്നാടുമായി ബന്ധിപ്പിച്ചിരുന്ന പാമ്പൻ പാലം തകരുകയുണ്ടായി. ഈ പാലം പൂർവസ്ഥിതിയിലാക്കുന്നതിനായി ആറുമാസത്തെ ഒരു പദ്ധതി റെയിൽവേ തയ്യാറാക്കി. ഇതിനുവേണ്ടി ഈ ശ്രീധരനെ നിയമിക്കുകയും ചെയ്തു. പക്ഷേ അദ്ദേഹം കാലാവധി മൂന്നു മാസമായി കുറയ്ക്കുകയും വെറും 46 ദിവസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുകയും




**പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി 2025 സെപ്റ്റംബർ 28ന് രാവിലെ 11 മണിയ്ക്ക് ആകാശവാണിയിലൂടെ നടത്തിയ പ്രക്ഷേപണത്തിന്റെ മലയാള പരിഭാഷ**

126

# മനസ്സ് പറയുന്നത്

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

നിങ്ങളിൽ നിന്ന് പഠിക്കുകയും നമ്മുടെ രാജ്യത്തെ ജനങ്ങളുടെ നേട്ടങ്ങളെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്യുന്ന മൻ കി ബാത്തിൽ നിങ്ങളോടൊപ്പം ചേരുന്നത് എനിക്ക് വളരെ സന്തോഷകരമായ ഒരനുഭവമാണ്. പരസ്പരം നമ്മുടെ ചിന്തകൾ പങ്കുവെച്ചുകൊണ്ടും, നമ്മുടെ മൻ കി ബാത്ത് പ്രകടിപ്പിച്ചുകൊണ്ടും, ഈ പരിപാടി 125 അധ്യായങ്ങൾ കടന്നുപോയെന്ന് വിശ്വസിക്കാൻ കഴിയുന്നില്ല. ഇന്ന് ഈ പരിപാടിയുടെ 126ാം അധ്യായമാണ്. ഈ ദിവസത്തിന് ചില പ്രത്യേകതകൾ കൂടിയുണ്ട്. ഇന്ന് ഭാരതത്തിലെ രണ്ട് മഹാന്മാരുടെ ജന്മദിനമാണ്. ഞാൻ സംസാരിക്കുന്നത് രക്തസാക്ഷിയായ ഭഗത് സിംഗിനെയും ലതാ ദീദിയെയും കുറിച്ചാണ്.

സുഹൃത്തുക്കളേ,

അനശ്വര രക്തസാക്ഷി ഭഗത് സിംഗ് ഓരോ ഭാരതീയനും, പ്രത്യേകിച്ച് രാജ്യത്തെ യുവാക്കൾക്ക്, ഒരു പ്രചോദനമാണ്. നിർഭയത്വം അദ്ദേഹത്തിന്റെ സ്വഭാവത്തിൽ ആഴത്തിൽ വേരൂന്നിയിരുന്നു. രാജ്യത്തിനുവേണ്ടി തൂക്കിലേറ്റപ്പെടുന്നതിന് മുമ്പ്, ഭഗത് സിംഗ് ബ്രിട്ടീഷുകാർക്ക് ഒരു കത്ത് എഴുതി. അദ്ദേഹം പറഞ്ഞു, എന്നെയും എന്റെ കൂട്ടുകാരെയും യുദ്ധത്തടവുകാരായി പരിഗണിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട്, തൂക്കിലേറ്റിയല്ല, നേരിട്ട് വെടിയുതിർത്തുകൊണ്ടാണ് തങ്ങളുടെ ജീവൻ എടുക്കേണ്ടത്. ഇത് അദ്ദേഹത്തിന്റെ അദമ്യമായ ധൈര്യത്തിന്റെ തെളിവാണ്. ഭഗത് സിംഗ് ദുരിതം പേറുന്ന ജനങ്ങളോട് വളരെ അനുഭാവം പുലർത്തുന്ന വ്യക്തി ആയിരുന്നു, അവരെ സഹായിക്കുന്നതിൽ എപ്പോഴും മുൻപന്തിയിലായിരുന്നു. രക്തസാക്ഷിയായ ഭഗത് സിംഗിന് ഞാൻ ആദരപൂർവ്വം ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു.

**ഇന്ന് ലതാ മങ്കേഷ്കറുടെ ജന്മദിനം കൂടിയാണ്. ഭാരത സംസ്കാരത്തിലും സംഗീതത്തിലും താൽപ്പര്യമുള്ള ആർക്കും അവരുടെ ഗാനങ്ങൾ കേട്ട് വികാരഭരിതരാകാതിരിക്കാൻ കഴിയില്ല. അവരുടെ ഗാനങ്ങളിൽ മനുഷ്യവികാരങ്ങളെ ഉണർത്തുന്നതെല്ലാം അടങ്ങിയിരിക്കുന്നു. അവർ പാടിയ ദേശഭക്തി ഗാനങ്ങൾ ആളുകളെ വളരെയധികം പ്രചോദിപ്പിച്ചു. ഭാരത സംസ്കാരവുമായി അവർക്ക് ആഴത്തിലുള്ള ബന്ധമുണ്ടായിരുന്നു. ലതാ ദീദിക്ക് ഞാൻ എന്റെ ഹൃദയാർദ്രമായ ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു. സുഹൃത്തുക്കളേ, ലതാ ദീദിയെ പ്രചോദിപ്പിച്ച മഹാന്മാരിൽ വീർ സവർക്കറും ഉൾപ്പെടു ന്നു, അദ്ദേഹത്തെ അവർ താത്യ എന്ന് വിളിച്ചു. വീർ സവർക്കറുടെയും നിരവധി ഗാനങ്ങൾ അവർ ആലപിച്ചിട്ടുണ്ട്. ലതാ ദീദിയുമായുള്ള എന്റെ സ്നേഹബന്ധം എപ്പോഴും നിലനിന്നിരുന്നു.**

സുഹൃത്തുക്കളേ,

ഇന്ന് ലതാ മങ്കേഷ്കറുടെ ജന്മദിനം കൂടിയാണ്. ഭാരത സംസ്കാരത്തിലും സംഗീതത്തിലും താൽപ്പര്യമുള്ള ആർക്കും അവരുടെ ഗാനങ്ങൾ കേട്ട് വികാരഭരിതരാകാതിരിക്കാൻ കഴിയില്ല. അവരുടെ ഗാനങ്ങളിൽ മനുഷ്യവികാരങ്ങളെ ഉണർത്തുന്നതെല്ലാം അടങ്ങിയിരിക്കുന്നു. അവർ പാടിയ ദേശഭക്തി ഗാനങ്ങൾ ആളുകളെ വളരെയധികം പ്രചോദിപ്പിച്ചു. ഭാരത സംസ്കാരവുമായി അവർക്ക് ആഴത്തിലുള്ള ബന്ധമുണ്ടായിരുന്നു. ലതാ ദീദിക്ക് ഞാൻ എന്റെ ഹൃദയാർദ്രമായ ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു. സുഹൃത്തുക്കളേ, ലതാ ദീദിയെ പ്രചോദിപ്പിച്ച മഹാന്മാരിൽ വീർ സവർക്കറും ഉൾപ്പെടുന്നു, അദ്ദേഹത്തെ അവർ താത്യ എന്ന് വിളിച്ചു. വീർ സവർക്കറുടെയും നിരവധി ഗാനങ്ങൾ അവർ ആലപിച്ചിട്ടുണ്ട്. ലതാ ദീദിയുമായുള്ള എന്റെ സ്നേഹബന്ധം എപ്പോഴും നിലനിന്നിരുന്നു. എല്ലാ വർഷവും അവർ മറക്കാതെ എനിക്ക് രാഖി അയച്ചുതരാറുണ്ടായിരുന്നു. മറാത്തി ലളിതസംഗീതത്തിലെ മഹാപ്രതിഭയായ സുധീർ ഫഡ്കെയാണ് എനിക്ക് ആദ്യം ലതാ ദീദിയെ പരിചയപ്പെടുത്തിതന്നത്. അവർ പാടിയതും സുധീർ സംഗീതം നൽകിയതുമായ ജ്യോതി കലശ് ഛൽക്കെ എന്ന ഗാനം എനിക്ക് വളരെ ഇഷ്ടമാണെന്ന് ഞാൻ ലതാദീദിയോട് പറഞ്ഞിട്ടുണ്ട്.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

നവരാത്രിയുടെ ഈ സമയത്ത്, നാം ശക്തിയെ ആരാധിക്കുന്നു. നാം സ്ത്രീശക്തിയെ ആഘോഷിക്കുന്നു. വ്യവസായം മുതൽ കായികം വരെ, വിദ്യാഭ്യാസം മുതൽ ശാസ്ത്രം വരെ, ഏത് മേഖലയിലായാലും നമ്മുടെ രാജ്യത്തിലെ പെൺമക്കൾ എല്ലായിടത്തും വെന്നിക്കൊടി പാറിക്കുന്നു. ഇന്ന്, സങ്കൽപ്പിക്കാൻ പോലും പ്രയാസമുള്ള വെല്ലുവിളികളെ അവർ മറികടക്കുന്നു. ഞാൻ നിങ്ങളോട് ചോദിക്കട്ടെ: നിങ്ങൾക്ക് എട്ട് മാസം തുടർച്ചയായി കടലിൽ തങ്ങാൻ കഴിയുമോ? ഒരു പായ് വഞ്ചിയിൽ, അതായത്, കാറ്റിന്റെ വേഗതയിൽ സഞ്ചരിക്കുന്ന ഒരു വഞ്ചിയിൽ, അതും കടലിലെ കാലാവസ്ഥ എപ്പോൾ വേണമെങ്കിലും മോശമാകാമെന്നിരിക്കെ, നിങ്ങൾക്ക് 50,000 കിലോമീറ്റർ സഞ്ചരിക്കാൻ കഴിയുമോ? ഇത് ചെയ്യുന്നതിന് മുമ്പ് നിങ്ങൾ ആയിരം തവണ ചിന്തിക്കും, പക്ഷേ ഭാരതീയ നാവിക സേനയിലെ ധീരരായ രണ്ട് ഉദ്യോഗസ്ഥർ നാവിക സാഗർ പരിക്രമയിലൂടെ ഇത് സാക്ഷാത്ക്കരിച്ചു. ധൈര്യവും ദൃഢനിശ്ചയവും എന്താണെന്ന് അവർ തെളിയിച്ചു. ഇന്ന്, മൻ കി ബാത്ത് ശ്രോതാക്കൾക്ക് ഇ ൗ രണ്ട് സാഹസികരായ ഉദ്യോഗസ്ഥരെ പരിചയപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഒരാൾ ലെഫ്റ്റനന്റ് കമാൻഡർ ദിൽനയാണ്, മറ്റൊരാൾ ലെഫ്റ്റനന്റ് കമാൻഡർ രൂപയാണ്. ഈ രണ്ട് ഉദ്യോഗസ്ഥരും നമ്മോടൊപ്പം ലൈനിലുണ്ട്.

പ്രധാനമന്ത്രി: ഹലോ.

ലെഫ്റ്റനന്റ് കമാൻഡർ ദിൽന: ഹലോ സർ.

പ്രധാനമന്ത്രി: നമസ്കാരം.

ലെഫ്റ്റനന്റ് കമാൻഡർ ദിൽന: നമസ്കാരം സർ.

പ്രധാനമന്ത്രി: ഇപ്പോൾ ലെഫ്റ്റനന്റ് ˘ കമാൻഡർ ദിൽനയും ലെഫ്റ്റനന്റ് കമാൻഡർ രൂപയും എന്നോടൊപ്പം ലൈനിലുണ്ടല്ലോ.

ലെഫ്റ്റനന്റ് കമാൻഡർ: ദിൽനയും രൂപയും ഉണ്ട് സർ, രണ്ടുപേരുമുണ്ട്.

പ്രധാനമന്ത്രി: നിങ്ങൾ രണ്ടുപേർക്കും നമസ്കാരം. വണക്കം.

ലെഫ്റ്റനന്റ് കമാൻഡർ: ദിൽന വണക്കം സർ.

ലെഫ്റ്റനന്റ് കമാൻഡർ രൂപ നമസ്കാരം സർ.

പ്രധാനമന്ത്രി: ശരി, ആദ്യമായി രാജ്യം നിങ്ങളെ രണ്ടുപേരെയും കുറിച്ച് അറിയാൻ ആഗ്രഹിക്കുന്നു. നിങ്ങൾ പറയൂ.

ലെഫ്റ്റനന്റ് കമാൻഡർ ദിൽന: സർ, ഞാൻ ലെഫ്റ്റനന്റ് കമാൻഡർ ദിൽന. ഞാൻ ഭാരത നാവികസേനയിലെ ലോജിസ്റ്റിക്സ് കേഡറിൽ നിന്നാണ്. സർ, ഞാൻ 2014ൽ നാവികസേനയിൽ കമ്മീഷൻഡായി. സർ, ഞാൻ കേരളത്തിലെ കോഴിക്കോട്ടുകാരിയാണ്. സർ, എന്റെ അച്ഛൻ ആർമിയിലായിരുന്നു, എന്റെ അമ്മ ഒരു വീട്ടമ്മയാണ്. എന്റെ ഭർത്താവും ഭാരതീയ നാവികസേനയിൽ ഒരു ഉദ്യോഗസ്ഥനാണ്, സർ, എന്റെ സഹോദരി എൻസിസിയിൽ ജോലി ചെയ്യുന്നു.

ലെഫ്റ്റനന്റ് കമാൻഡർ രൂപ ജയ് ഹിന്ദ് സർ, ഞാൻ ലെഫ്റ്റനന്റ് കമാൻഡർ രൂപ, ഞാൻ 2017 ൽ നേവൽ ആർമമെന്റ് ഇൻസ്പെക്ഷൻ കേഡറിൽ ചേർന്നു. എന്റെ അച്ഛൻ തമിഴ്നാട്ടുകാരനാണ്, എന്റെ അമ്മ പോണ്ടിച്ചേരിക്കാരിയാണ്. എന്റെ അച്ഛൻ വ്യോമസേനയിലായിരുന്നു, സർ, വാസ്തവത്തിൽ ഡിഫെൻസിൽ ചേരാൻ അദ്ദേഹമാണ് എനിക്ക് പ്രേരണയായത്. എന്റെ അമ്മ ഒരു വീട്ടമ്മയായിരുന്നു.

പ്രധാനമന്ത്രി: ശരി, ദിൽന, രൂപ, സാഗർ പരിക്രമയിലെ നിങ്ങളുടെ അനുഭവത്തെക്കുറിച്ച് അറിയാൻ രാജ്യം ആഗ്രഹിക്കുന്നു, ഇത് എളുപ്പമല്ലെന്ന് എനിക്ക് ഉറപ്പുണ്ട്. നിങ്ങൾ നിരവധി ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുണ്ടാകണം, നിങ്ങൾക്ക് നിരവധി പ്രയാസങ്ങൾ തരണം ചെയ്യേണ്ടി വന്നിട്ടുണ്ടാകണം.

ലെഫ്റ്റനന്റ് കമാൻഡർ ദിൽന: അതെ സർ. സർ, നമ്മുടെ ജീവിതത്തെ മാറ്റിമറിക്കുന്ന ഒരവസരം ജീവിതത്തിൽ ഒരിക്കൽ നമുക്ക് ലഭിക്കുമെന്ന് ഞാൻ അങ്ങയോട് പറയാൻ ആഗ്രഹിക്കുന്നു. ഈ സർക്കം നാവിഗേഷൻ ഭാരത നാവികസേനയും ഭാരത സർക്കാരും ഞങ്ങൾക്ക് നൽകിയ അത്തരമൊരവസരമായിരുന്നു. ഈ പര്യവേഷണത്തിൽ ഞങ്ങൾ ഏകദേശം നാൽപ്പത്തിയേഴായിരത്തി അഞ്ഞൂറ് കിലോമീറ്റർ സഞ്ചരിച്ചു സർ. ഞങ്ങൾ 2024 ഒക്ടോബർ 2ന് ഗോവയിൽ നിന്ന് പുറപ്പെട്ട് 2025 മെയ് 29ന് തിരിച്ചെത്തി, ഈ പര്യവേഷണം പൂർത്തിയാക്കാൻ ഇരുനൂറ്റി മുപ്പത്തിയെട്ട് ദിവസങ്ങളെടുത്തു സർ, ഇരുനൂറ്റി മുപ്പത്തിയെട്ട് ദിവസങ്ങളിലും ഞങ്ങൾ രണ്ടുപേരും മാത്രമായിരുന്നു സർ.

പ്രധാനമന്ത്രി (ശരിവെച്ച് മൂളുന്നു)

ലെഫ്റ്റനന്റ് കമാൻഡർ ദിൽന: സർ, ഈ പര്യവേഷണത്തിനായി ഞങ്ങൾ മൂന്ന് വർഷത്തെ തയ്യാറെടുപ്പ് നടത്തി. നാവിഗേഷൻ മുതൽ കമ്മ്യൂണിക്കേഷൻ എമർജൻസി ഡിവൈസസ് എങ്ങനെ പ്രവർത്തിപ്പിക്കാം, ഡൈവിംഗ് എങ്ങനെ ചെയ്യാം, ബോട്ടിലെ ഏത് തരത്തിലുള്ള അടിയന്തരാവസ്ഥയും എങ്ങനെ കൈകാര്യം ചെയ്യാം, ഉദാഹരണത്തിന് ഒരു മെഡിക്കൽ എമർജൻസി എങ്ങനെ കൈകാര്യം ചെയ്യാം. ഇതിന്റെയൊക്കെയെല്ലാം പരിശീലനം ഭാരത നാവികസേന ഞങ്ങൾക്ക് നൽകി, സർ. സർ, ഈ യാത്രയിലെ ഏറ്റവും അവിസ്മരണീയമായ നിമിഷത്തെക്കുറിച്ച് പറയാം. അത് പോയിന്റ് നീമോയിൽ ഞങ്ങൾ ഭാരത പതാക ഉയർത്തി എന്നതാണ്. പോയിന്റ് നീമോ ലോകത്തിലെ ഏറ്റവും വിദൂരസ്ഥമായ സ്ഥലമാണ് സർ. അതിനോട് ഏറ്റവും അടുത്ത മനുഷ്യവാസമുണ്ടെങ്കിൽ അത് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലാണ്. ഒരു പായ് വഞ്ചിയിൽ അവിടെ എത്തിയ ആദ്യ ഭാരതീയരും, ആദ്യ ഏഷ്യക്കാരും, ലോകത്തിലെ ആദ്യത്തെ വ്യക്തികളും ഞങ്ങൾ ആണ് സർ, ഇത് ഞങ്ങൾക്ക് അഭിമാനകരമായ കാര്യമാണ് സർ.

പ്രധാനമന്ത്രി: വൗ, നിങ്ങൾക്ക് ഒത്തിരി അഭിനന്ദനങ്ങൾ.

ലെഫ്റ്റനന്റ് കമാൻഡർ ദിൽന: നന്ദി സർ.

പ്രധാനമന്ത്രി: നിങ്ങളുടെ സഹപ്രവർത്തകയ്ക്കും എന്തെങ്കിലും പറയാനുണ്ടാകുമല്ലോ?

ലെഫ്റ്റനന്റ് കമാൻഡർ രൂപ: സർ, പായ് വഞ്ചിയിൽ ലോകം ചുറ്റിയ ആളുകളുടെ എണ്ണം മൌണ്ട് എവറസ്റ്റ് കീഴടക്കിയവരുടെ എണ്ണത്തെയപേക്ഷിച്ച് കുറവാണ്. വാസ്തവത്തിൽ, ഒരു പായ് വഞ്ചിയിൽ സർക്കം നാവിഗേഷൻ നടത്തുന്ന ആളുകളുടെ എണ്ണം ബഹിരാകാശത്ത് പോയ ആളുകളുടെ എണ്ണത്തേക്കാൾ കുറവാണ്.

പ്രധാനമന്ത്രി: ശരി, ഇത്രയും സങ്കീർണ്ണമായ ഒരു യാത്രയ്ക്ക് വളരെ വലിയ ടീം വർക്ക് ആവശ്യമാണ്. ടീമിൽ നിങ്ങൾ രണ്ട് ഓഫീസർമാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. നിങ്ങൾ അത് എങ്ങനെ കൈകാര്യം ചെയ്തു ➲8

വാക്കും പൊരുളും

## കേരളത്തെ രൂപപ്പെടുത്തിയ ആദ്യകാലപ്രഭാഷണങ്ങൾ

# ആദ്യമാതൃകയാകുന്ന വ്യവസായപ്രദർശനം

**അ**ഭിവൃദ്ധിക്കായി പരിശ്രമം ചെയ്തു കൊ ണ്ടിരിക്കുന്ന ഒരു കാലമാണിത്. നമ്മുടെ ചുറ്റും പല മാർഗ്ഗമായി അത്യുത്സാഹത്തോടുകൂടിയ പരിശ്രമങ്ങൾ നാം കാണുന്നുണ്ട്. സാമൂഹികമായും, മതസംബന്ധമായും രാജ്യഭരണ വിഷയമായും വ്യവസായസംബന്ധമായും ഉള്ള കാര്യങ്ങളിൽ അഭിവൃദ്ധിയെ പ്രാപിക്കുന്നതിനായി അഭിനവങ്ങളായ ഓരോ സംപ്രദായങ്ങളെ സ്വീകരിക്കുന്നതിൽ ഇൻഡ്യയുടെ നാനാഭാഗങ്ങളിലുമുള്ള ജനങ്ങൾ സന്നദ്ധന്മാരായിരിക്കുന്നു. എത്രയും പുരാതനവും പൂർവ്വാചാര സംരക്ഷണപ്രിയമുള്ളതുമായ ഈ രാജ്യത്തിൽ കൂടിയും അഭിവൃദ്ധിക്കുള്ള അഭിനിവേശം കടന്നുകൂടിയിരിക്കുന്നു. ഇതിന്റെ ഫലമായി ജനസമുദായത്തിലുള്ള വിവിധ വർഗ്ഗക്കാരുടെ ഇടയിൽ പലപ്രകാരത്തിലുള്ള ഉത്സാഹങ്ങളെ നാം കാണുന്നുണ്ട്.

തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷ് മലബാർ ഈ മൂന്നു സംസ്ഥാനങ്ങളിലുമുള്ള ഈഴവർ അല്ലെങ്കിൽ തീയന്മാരുടെ മതസംബന്ധമായും, സാമൂഹികമായും, വ്യവസായവിഷയമായുമു ള്ള അഭിവൃദ്ധിക്കുവേണ്ടി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതും ഇതേവരെ അറുന്നൂറിൽപരം അംഗങ്ങൾ ചേർന്നിട്ടുള്ളതുമായ 'ശ്രീനാരായണ ധർമ്മപരിപാലനയോഗം' കഴിഞ്ഞ 2 സംവത്സരക്കാലമായി പരിശ്രമിച്ചുവരുന്നുണ്ട്. ഇന്നു രാവിലെ നാം ഇവിടെ തുറക്കാനായി കൂടിയിരിക്കുന്ന ഈ പ്രദർശനം മേല്പറഞ്ഞ യോഗത്തി ന്റെ രണ്ടാമത്തെ വാർഷിക സമ്മേളനത്തോടൊന്നിച്ചു നടത്തപ്പെടുന്നതും ഈ മാതിരിയിൽ ഒരു പ്രദർശനം കേരളത്തിൽ എന്നുതന്നെയല്ല പക്ഷെ ഇൻഡ്യയിലും ഇദംപ്രഥമമായി ഉണ്ടായിട്ടുള്ളതുമാകുന്നു. തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷുമലബാർ ഈ മൂന്നു സംസ്ഥാനങ്ങളിലുമുള്ള ഈഴവരുടെ അല്ലെങ്കിൽ തിയന്മാരുടെ വ്യവസായ സാധനകളെ ഒന്നിച്ചുചേർത്തു കാണിക്കുന്നതിനുള്ള ഒരു ശ്രമമാകയാൽ ഇത് ഒരു സാമുദായിക പ്രദർശനം ആകുന്നു. പശ്ചിമതീരത്തിൽ അധികം വ്യവസായം നടന്നുവരുന്ന ഒരു പട്ടണമാകയാലാണ് കൊല്ലത്തുവച്ച് ഇത് നടത്തപ്പെടുന്നത്. സംഖ്യാബലത്തിലും, വ്യവസായ ശീലത്തിലും ഈഴവർ കേരളരാജ്യത്തിൽ ഒന്നാമതായി നിൽക്കുന്ന ഒരു ജാതിക്കാരാകയാൽ ഈ മാതിരിയിൽ ഒരു പ്ര ദർശനം അവരാൽ തന്നെ ആദ്യമായി നടത്തപ്പെടണം എന്നുള്ളത് സ്വാഭാവികം തന്നെയാണ്. ഈഴവരുടെ ജനസംഖ്യ തിരുവിതാംകൂറിൽ 4,91,774ഉം കൊച്ചിയിൽ 1,85,466ഉം ബ്രിട്ടീഷ് മലബാറിൽ 6,60,608ഉം ഉൾപ്പെടെ ആകെയുള്ള ജനസംഖ്യ 13,37,848ഉം അല്ലെങ്കിൽ ഒട്ടുക്കുള്ള ജനസംഖ്യയിൽ നൂറ്റിനു 20.41 വീതം ആകുന്നു. മറ്റു പ്രധാന സമുദായക്കാരിൽ നായന്മാരുടെ സംഖ്യ നൂറ്റിനു 15.74ഉം ക്രിസ്ത്യാനികളുടേതു 15.73ഉം ബ്രാഹ്മണരുടേതു 1.45ഉം വീതം ആകുന്നു. അനേകം ഈഴവർ പലപ്പോഴും സകുടുംബമായിട്ടുതന്നെയും അന്യമതത്തെ അവലംബിക്കാതെ ഇരുന്നുവെങ്കിൽ ഈഴവരുടെ സംഖ്യ ഇതിലും ഉപരിയായിരുന്നേനെ.

ഈ സമുദായക്കാർ പരിശ്രമശീലത്തിലും മറ്റു സമുദായക്കാരെ ജയിച്ചു നിൽക്കുന്നവരാകുന്നു. എന്തുകൊണ്ടെന്നാൽ ഇവരിൽ നൂറ്റിനു അൻപതു വീതം ആളുകൾ സാക്ഷാൽ തൊഴിലാളികളാകുന്നു എന്നു സെൻസസ് റിപ്പോർട്ടു കൊണ്ടു കാണുന്നു. എന്നാൽ നായന്മാരുടെയും ക്രിസ്ത്യാനികളുടെയും ബ്രാഹ്മണരുടെയും ഇടയിലുള്ള സാക്ഷാൽ തൊഴിലാളികളുടെ സംഖ്യ യഥാക്രമം നൂറ്റിനു 34ഉം 36ഉം വീതം ആകുന്നു. ഈ ജാതിക്കാരെ സംബന്ധിച്ചു പറയാനുള്ള വേറൊരു വിശേഷം ഈ നാട്ടിൽ നടപ്പുള്ള എല്ലാത്തരം തൊഴിലുകളിലും അവർ പ്രവേശിച്ചിരിക്കുന്നു എന്നുള്ളതാണ്. സെൻസസ് റിപ്പോർട്ടിൽ ഈ ജാതിക്കാർ പ്രവേശിച്ചിരിക്കുന്നതായി പറയപ്പെട്ടിട്ടുള്ള പ്രധാന തൊഴിലുകൾ കൃഷി, ഭക്ഷ്യപേയാദികളും ലഹരി സാധനങ്ങളും ഉണ്ടാക്കുക, വസ്ത്രങ്ങൾ നെയ്തുണ്ടാക്കുക, കച്ചവടം, സമാനങ്ങളെ കടത്തിക്കൊണ്ടുപോവുകയും ശേഖരിക്കുകയും ചെയ്ക, കിളയ്ക്കുകയും മറ്റു സാധാരണ ജോലികൾ ചെയ്കയും ചെയ്യുക ഇവയാകുന്നു. കൃഷിയെ സംബന്ധിച്ചു പറയുമ്പോൾ ഈ ജാതിക്കാരെക്കുറിച്ചുള്ള രസകരമായ ഒരു ഐതിഹ്യത്തെക്കൂടി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ഈഴവർ ആദ്യം സിലോണിൽ നിന്നു വന്നവരും ഈ നാട്ടിൽ തെങ്ങു അവർ കൊണ്ടുവന്നിട്ടുള്ളതുമാകുന്നു. ഈ നാട്ടിന്നു ഒരു പ്രത്യേകവിശേഷത്തെ കൊടുക്കുന്ന ഈ വൃക്ഷങ്ങളെ അധികമായി നട്ടുണ്ടാക്കുന്നവരാണെന്നും ഒരു വിശേഷം അവരെക്കുറിച്ചു പറഞ്ഞുവരുന്നുണ്ട്. ഈ വൃക്ഷങ്ങൾ നിമിത്തമായിട്ടാണ് ഈ നാട്ടിന്നു കേരളം അല്ലെങ്കിൽ കേരബഹുളത ഉള്ള നാട് എന്നു പേരു സിദ്ധിച്ചിട്ടുള്ളത്. ഈഴവരുടെ മറ്റു പ്രധാനപ്പെട്ട കൃഷികൾ, നെല്ലു, കുരുമുളകു, മരച്ചീനി, വാഴ, വെറ്റില, അടയ്ക്ക, പയറു, മുതിര മുതലായവയാകുന്നു. ഈഴവരിൽ നൂറ്റിനു 26.34 വീതം ആളുകൾ ഇപ്പോൾ കൃഷിവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരാകുന്നു. ഈ നാട്ടിലുള്ള കൃഷിഭൂമികളിൽ ഉദ്ദേശം അഞ്ചിൽ ഒരു ഭാഗത്തിന്റെ ഉടമസ്തന്മാർ അല്ലെങ്കിൽ കൃഷിക്കാർ ഇവരാണെന്നും പറയാവുന്നതാണ്.

കരുപ്പട്ടി ഉണ്ടാക്കുക, കള്ളെടുക്കുക, ചാരായം വാറ്റുക, കയറു പിരിക്കുക, നെയ്യുക മുതലായ മറ്റു പാരമ്പര്യ തൊഴിലുകളും ഇപ്പോഴും മുഖ്യമായി ഈ സമുദായക്കാർ തന്നെയാണ് നടത്തിവരുന്നത്. സാമാനങ്ങളെ കടത്തിക്കൊണ്ടുപോകുന്നതിലും കച്ചവടത്തിലും ഈ ജാതിക്കാർ സാമാന്യം നല്ല ഒരു നിലയിലാണിരിക്കുന്നത്. ഈ നാട്ടിലും അന്യനാട്ടിലുമുള്ള കാപ്പിത്തോട്ടങ്ങളിലും യന്ത്രശാലകളിലും ലോഹഖനികളിലും ഉള്ള സാധാരണ ജോലികളും, ഈ ജാതിക്കാർ തന്നെയാണ് അധികവും നടത്തിവരുന്നത്. ഇപ്പോൾ ഈ ജാതിക്കാരിലുള്ള അനേകം ആളുകൾ സിലോൺ, ബർമ്മാ എന്നു വേണ്ട ദക്ഷിണാഫ്രിക്കായിൽ കൂടിയും വേലക്കാരായും കച്ചവടക്കാരായും താമസിച്ചുവരുന്നുണ്ട്. അധികമായ ദുർവ്യവഹാരം, അടിയന്തിരാദികളിലുള്ള അനാവശ്യമായ അധികചിലവു യോജിപ്പുള്ള പ്രവൃത്തിയും ഗവർമ്മെണ്ടിന്റെ സഹായവും ഇല്ലായ്ക ഈ ന്യൂനതകൾ ഇല്ലാതിരുന്നുവെങ്കിൽ ഈ സമുദായത്തിന്റെ പരിശ്രമസ്ഥിതി ഇതിലും ഉപരിയായിരിക്കുമായിരുന്നു. ഈവക ന്യൂനതകൾ പരിഹരിക്കപ്പെടുവാൻ കഴിയുന്നവയാകുന്നു. ഈ സമുദായത്തിലുള്ള യോഗ്യന്മാർ ദോഷകരങ്ങളായ ഈ ന്യൂനതകളെ പാടുള്ളടത്തോളം പരിഹരിക്കാൻ ശ്രമിക്കുമെന്നു യോഗം വിശ്വസിക്കുന്നു.

വിദ്യാഭ്യാസമുള്ളവരുടെ തൊഴിലുകളായ വൈദ്യം, ജ്യോതിഷം ഇവയിലും സംസ്കൃത പഠനത്തിലും കഴിഞ്ഞ കാലങ്ങളിൽ ഈഴവർ സാമാന്യം നല്ല ഖ്യാതിയെ സമ്പാദിച്ചിട്ടുള്ളവരായിരുന്നു. അല്പകാലങ്ങൾക്കിപ്പുറം ഈ തൊഴിലുകളിൽ ഈ ജാതിക്കാർക്കുണ്ടായിരു ന്ന പ്രശസ്തി ഗവർമ്മെണ്ടിന്റെ പ്രോത്സാഹനം ഇതര സമുദായക്കാർക്കുമാത്രം ആയിത്തീരുകയാൽ കുറഞ്ഞുവരുന്നുണ്ടെന്നുള്ളത് വ്യസനകരം തന്നെ.

➔6



**ഡോ.പല്പു**

*അനശ്വരനായ ഇന്ത്യൻ വിപ്ലവകാരി എന്നാണ് ഡോക്ടർ പല്പുവിനെ സരോജിനി നായിഡു വിശേഷിപ്പിച്ചത്. സ്വാമി വിവേകാനന്ദനും മഹാത്മ ഗാന്ധിയും പല്പുവിനെ നേരിൽ പ്രശംസിച്ചിട്ടുണ്ട്. മലയാളി മെമ്മോറിയലിന്റെ സഹപ്രവർത്തകനും; ഈഴവ മെമ്മോറിയന്റെ സൂത്രധാരനുമായിരുന്നു ഡോക്ടർ പൽപു.*

*തിരുവനന്തപുരം പേട്ടയിൽ തോപ്പിൽ കുടുംബത്തിൽ 1863 നവംബർ 2ന് ജനിച്ചു. പിതാവ് പത്മനാഭൻ തിരുവനന്തപുരത്തുള്ള തച്ചക്കുടി കുടുംബാംഗവും അമ്മ നെടുങ്ങോട്ടു കുടുംബത്തിൽ പപ്പമ്മയുമായിരുന്നു. ഈഴവസമുദായത്തിൽ നിന്നുള്ള ആദ്യത്തെ ബി.എ.ബിരുദധാരിയായ വേലായുധൻ മൂത്ത സഹോദരനാണ്. പരമേശ്വരൻ, മാധവൻ, താണുവൻ, മീനാക്ഷി, ഭവാനി എന്നിവരും സഹോദരങ്ങളാണ്.*

*1884ൽ മെഡിക്കൽ സ്കൂൾ അപ്പോത്തിക്കിരി പരീക്ഷയിൽ രണ്ടാം റാങ്ക് ലഭിച്ചിട്ടും ഈഴവനായതിനാൽ സെലക്ഷൻ ലഭിച്ചില്ല. ഇതിനെ തുടർന്ന് മദ്രാസ് മെഡിക്കൽ കോളജിൽ ചേരുകയും മെഡിക്കൽ ബിരുദം (എൽ. എം.എസ്) നേടുകയും മദ്രാസിൽ വാക്സിൻ ഡിപ്പോ സൂപ്രണ്ടായി ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ഭാഷാകവി പെരുന്നെല്ലി കൃഷ്ണൻവൈദ്യരുടെ സഹോദരി പി.കെ.ഭഗവതിയാണ് ഭാര്യ.*

*മൈസൂർ സംസ്ഥാനത്തെ സാനിട്ടറി കമ്മീഷണറുടെ പേഴ്സണൽ അസിസ്റ്റന്റ് ആയി. തുടർന്ന് വാക്സിനേഷൻ ഇൻസ്പെക്ടർ, ഡപ്യൂട്ടി സാനിറ്ററി കമ്മീഷണർ എന്നീ ചുമതലകൾ വഹിച്ചു. 1899ൽ ഇംഗ്ലണ്ടിൽ പോയി. ഡി.പി.എച് (കേംബ്രിഡ്ജ്), എഫ്.ആർ.പി.എച് (ലണ്ടൻ) എന്നീ ബിരുദങ്ങൾ നേടി. പാരീസ്, ജർമനി, ജെനീവ, റോം എന്നിവിടങ്ങളിൽ സന്ദർശനം നടത്തി. ബാംഗ്ലൂരിൽ തിരിച്ചെത്തിയപ്പോൾ ഹെൽത്ത് ആഫീസറായി ചുമതലയേറ്റു. മൈസൂർ ഗവൺമെന്റിന്റെ ജയിൽ സൂപ്രണ്ടായിരിക്കെ സർവ്വീസിൽ നിന്നും വിരമിച്ചു.*

*ജോലി നിർവ്വഹണകാലത്ത് വിദ്യാഭ്യാസത്തിനും ശുചിത്വത്തിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള സേവനപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. നാനാജാതിമതസ്ഥരായ വിദ്യാർത്ഥികളെ സ്വഭവനത്തിൽ താമസിപ്പിച്ചു പഠിപ്പിച്ചു. കുമാരനാശാന്റെ ഉന്നത വിദ്യാഭ്യാസത്തിന്റെ ചുമതലയും വഹിച്ചു.*

*10,037 പേരുടെ ഒപ്പോടുകൂടി 1891 ജനുവരി 11ന് തിരുവിതാംകൂർ മഹാരാജാവിന് സമർപ്പിച്ച മലയാളി മെമ്മോറിയലിലെ (ട്രാവൻകൂർ മെമ്മോറിയൽ) മൂന്നാമത്തെ പേരുകാരനായിരുന്നു ഡോക്ടർ പല്പു. മലയാളി മെമ്മോറിയൽ കൊണ്ട് തന്റെ സമുദായത്തിനു പ്രയോജനം ഒന്നും ലഭിക്കുന്നില്ലായെന്നു കണ്ടുകൊണ്ട് ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ 15000 പേർ ഒപ്പിട്ട മറ്റൊരു ഹർജി മഹാരാജാവിന് സമർപ്പിക്കുകയുണ്ടായി. ഈഴവമെമ്മോറിയൽ എന്നാണിത് അറിയപ്പെടുന്നത്.*

*ശ്രീനാരായണ ധർമപരിപാലനസംഘത്തിന്റെ രൂപീകരണത്തിനു നേതൃത്വം വഹിച്ചു. ശ്രീനാരായണഗുരു സ്ഥിരം അദ്ധ്യക്ഷനും ഡോക്ടർ പി.പല്പു ഉപാദ്ധ്യക്ഷനുമായി. കുമാരനാശാൻ ജനറൽ സെക്രട്ടറിയും. സംഘത്തിന്റെ ഒന്നുമുതൽ നാലുവരെയുള്ള വാർഷിക സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. സമുദായത്തിന്റെ പ്രസിദ്ധീകരണമായ 'വിവേകോദയം' മാസിക അച്ചടിച്ചിരുന്നത് ഡോക്ടർ പല്പുവിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന 'ആനന്ദ' പ്രസ്സിലായിരുന്നു.*

*ഗുരുവിന്റെ സമാധിക്കുശേഷം എസ്.എൻ.ഡി.പി യോഗത്തിന്റെ ആദ്യയോഗം കൊല്ലത്ത് സമ്മേളിച്ചപ്പോൾ ഗുരുവിന്റെ ചിത്രം നെഞ്ചോടു ചേർത്തുപിടിച്ചുകൊണ്ട് 'സൂര്യചന്ദ്രന്മാർ ഉള്ള കാലംവരേയ്ക്കും സ്വാമിതൃപ്പാദങ്ങൾ തന്നെ യോഗാദ്ധ്യക്ഷൻ' എന്ന പറഞ്ഞുകൊണ്ട് അദ്ദേഹം വികാരാധിനനായി.*

*1950 ജനുവരി 25ന് തിരുവനന്തപുരം നന്തൻകോട്ടുള്ള വസതിയിൽ വച്ച് 87-ാം വയസ്സിൽ അന്തരിച്ചു. യുക്തിചിന്തയിൽ ജീവിതം നയിച്ചിരുന്നതിനാൽ മതപരമായ ചടങ്ങുകൾ ഒന്നും നടത്തിയിരുന്നില്ല. ഇദ്ദേഹത്തിന്റെ മകനാണ് 'ഗുരുകുല'പ്രസ്ഥാനത്തിന്റെ സ്ഥാപകനായ നടരാജഗുരു.*

*1080 ധനു 24ന് കൊല്ലം താമരക്കുളത്തു നടന്ന ആദ്യ വ്യവസായ പ്രദർശനത്തിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ടു നടത്തിയ പ്രസംഗം ഒരു സമുദായം എങ്ങനെ സാമ്പത്തികമായും വിദ്യാഭ്യാസപരമായും അഭ്യുന്നതി പ്രാപിക്കുന്നുവെന്നതിന്റെ നിദർശനമാണ്.*

## കോടതിക്കഥകൾ - 31

# സീനിയർ ഗുമസ്തനും ജൂനിയർ വാസുപിള്ളയും



അഡ്വ.വർഗീസ് പി. തോമസ്

മറ്റൊരു കഥയിലെ നായകനാണ് ഗുമസ്തൻ ചാക്കോ. കീഴ്ക്കോടതിയിലെ പ്രധാന സീനിയർ വക്കീലിന്റെ ഗുമസ്തൻ. സിവിൽ നിയമത്തിൽ നല്ല പരിജ്ഞാനമുള്ള വ്യക്തിയാണ് ആ വക്കീലദ്ദേഹം. ചാക്കോ കൂടെ കൂടിയിട്ട് വർഷം അൻപത് ആയി. സാമുദായിക നേതാവും സാംസ്കാരിക നേതാവുമായിരുന്ന വക്കീൽ തികഞ്ഞ തൊഴിൽ സ്നേഹി. ചാക്കോ സമപ്രായക്കാരൻ. സത്യം പറയണമല്ലോ, ചാക്കോയ്ക്ക് അല്പം കുരുട്ടുബുദ്ധിയും കൊനഷ്ടും, കുരുക്കും ജന്മനാ കൈമുതലാണ്.

എം.സി. റോഡിന് അഭിമുഖമായി സാമാന്യം ഉയരത്തിൽ പടിഞ്ഞാറു ദർശനത്തിലുള്ള ഓഫിസ് കെട്ടിടം, വക്കീലിന്റെ സ്വന്തം. അകമേ നല്ല നീളവും ആവശ്യത്തിനു വീതിയുമുള്ള മൂന്നു മുറികൾ. ആദ്യത്തെ മുറിയിൽ ഗുമസ്തൻ ചാക്കോയും തന്റെ ശിഷ്യനായി അടുത്തകാലത്ത് എത്തിയ വാസുപിള്ളയും. വാസുപിള്ളയ്ക്ക് ചാക്കോയുടെ പരിശീലനത്തിൽ എപ്പോഴും എന്തെന്നില്ലാത്ത സന്തോഷം.

ജൂനിയർ അഭിഭാഷകരുടെ ഇരിപ്പിടങ്ങൾ മധ്യഭാഗത്തെ മുറിയിൽ. കേസുകെട്ടുകളും നിയമപുസ്തകങ്ങളും അവിടെ സൂക്ഷിക്കുന്നു. ഏറ്റവും പിറകിലുള്ള മുറി, സീനിയർ വക്കീലിന്റെ ഓഫിസ്. ആര് ഓഫിസിൽ എത്തിയാലും അവരെ കാണുംവിധം ഇരിപ്പിടം ക്രമീകരിച്ചിരിക്കുന്നു. ഗുമസ്തൻ കാണാതെയോ അറിയാതെയോ വക്കീലദ്ദേഹത്തെ ബന്ധപ്പെടാൻ കക്ഷികൾക്ക് സാധ്യമല്ല. ചില തൽപരകക്ഷികൾ നിർബന്ധിക്കുമ്പോൾ വാസുപിള്ള കേസുകെട്ടുകളുംകൊണ്ട് വക്കീലദ്ദേഹത്തിന്റെ മുൻപാകെ അവരെ ഹാജരാക്കും. ചില കക്ഷികൾ വരുന്നതും കാണാതെ പോകുന്നതും സീനിയർ ശ്രദ്ധിച്ചുകൊണ്ടിരുന്നു.

ഒരു പ്രധാന കേസിലെ കക്ഷി കേസുകാര്യം ചർച്ച ചെയ്യാൻ ഓഫിസിൽ എത്തണമെന്നു കത്തു മുഖേന അറിയിക്കാൻ ചാക്കോയോട് വക്കീൽ ആവശ്യപ്പെട്ടു. കക്ഷി ഓഫിസിൽ ഹാജരായില്ല. കോടതിവരാന്തയിൽ വച്ച് ആ കക്ഷിയെ വക്കീൽ നേരിട്ടുകണ്ടു.

"എടോ താൻ എന്തുകൊണ്ടാണ് ഓഫിസിൽ വരാതിരുന്നത്?"

വക്കീൽ പരിഭവത്തിൽ അയാളോടു ചോദിച്ചു.

"ഞാൻ രാവിലെ വക്കീലദ്ദേഹത്തെ കാണാൻ ഓഫീസിൽ എത്തിയതാ. ഇന്നു കാണണ്ട, രണ്ടു ദിവസം കഴിഞ്ഞു കണ്ടാൽ മതിയെന്നു ഗുമസ്തൻ ചാക്കോ പറഞ്ഞു."

"എന്നാൽ ഇന്നു കോടതിയിലെ കേസുകൾ കഴിഞ്ഞ്, വൈകിട്ടു നാലു മണിയോടെ ഞാൻ ഓഫിസിൽ എത്തും. താനവിടെ ഉണ്ടാകണം. കേസുകാര്യം സംസാരിക്കാനാണ്." വക്കീൽ കർശനമായി നിർദേശിച്ചു.

**നിർഭാഗ്യമെന്നു പറയട്ടെ, കേസ് വിളിച്ച സമയം സീനിയർ വക്കീലിനോ ജൂനിയർ വക്കീലിനോ എത്താൻ സാധിച്ചില്ല. മുൻസിഫ്, കേസ് മറ്റൊരു ദിവസത്തേക്കു തീയതി കുറിച്ചു മാറ്റി. വാസുപിള്ള കോടതിയിൽ പോയി കേസ് പോസ്റ്റ് ചെയ്ത തീയതി കുറിക്കുന്ന ഡയറി പരിശോധിച്ചു. ആ കേസ് വിദൂര സമയത്തേക്കു മാറ്റിയെന്ന് വക്കീലിനെ അറിയിച്ചു. കേസ് ഇറക്കിവച്ച്, വാദം കേൾക്കാൻ ഉപഹർജി പിറ്റേദിവസം ഫയൽ ചെയ്തു. അടുത്ത ദിവസം ആ ഹർജി ബഞ്ചിൽ എത്തി. കേസ് ഇറക്കിവച്ച് വാദം കേൾക്കാൻ ഉത്തരവായി. അതിനുള്ള ദിവസവും കോടതി തീരുമാനിച്ചു. ട്രാൻസ്ഫോമർ കേസ് ഇറക്കിവച്ച് വാദം കേൾക്കാൻ കോടതി അനുവദിച്ചെന്നും ആ ദിവസം കക്ഷി എത്തണമെന്നും കാണിച്ച് കത്ത് അയയ്ക്കാൻ വാസുപിള്ളയോടു നിർദേശിച്ചു.**

കക്ഷി കൃത്യം നാലുമണിയോടെ ഓഫിസിലെത്തി. വക്കീലും കക്ഷിയും കോടതിയിൽ കണ്ടുമുട്ടിയ കാര്യം അറിഞ്ഞ ചാക്കോ ഓഫിസിൽ എത്താൻ അല്പം താമസിച്ചു. ചാക്കോ എത്തുന്നതു വരെ വക്കീൽ, കക്ഷിയെ വിളിക്കാതെ ഓഫീസിലിരുത്തി. ചാക്കോ എത്തിയെന്നറിഞ്ഞ് വക്കീൽ, ചാക്കോ യെ വിളിച്ചു നിർദേശിച്ചു:

"ചാക്കോ, അവിടെ ഇരിക്കുന്ന ആ കക്ഷിയുടെ കേസുകെട്ട് എടുത്തോണ്ട് ഇങ്ങോട്ടു വന്നേ. അയാളേം വിളിച്ചോ."

വക്കീൽ ഗൗരവം അല്പവും വിടാതെ ചാക്കോയോട് താക്കീതായി എന്തോ പറയാനുണ്ടെന്ന് തോന്നുംവിധം ആവശ്യപ്പെട്ടു. ചാക്കോ കക്ഷിയെ വിളിച്ച് കേസുകെട്ട് എടുത്ത് വക്കീലിന്റെ മുൻപിലെത്തി. കേസുകെട്ട് മേശപ്പുറത്തു വച്ച്, ഭവ്യതയോടെ മാറിനിന്നു. ചാക്കോയെ വക്കീൽ ശ്രദ്ധയോടെ നോക്കി പറഞ്ഞു:

"ചാക്കോ! നിനക്കറിയാമല്ലോ, ഞാൻ ബി.എ., ബി.എൽ. ഡിഗ്രിയും ബാർ കൗൺസിൽ പരീക്ഷയും കഴിഞ്ഞാ അഡ്വക്കേറ്റായത്. എടാ എനിക്കു ഫീസൊന്നും വേണ്ട. വരുന്ന കക്ഷികളെ എന്റെ അരികിലേക്ക് ഒന്നു വിട്ടുതാ." സീനിയർ വക്കീൽ പല അനുഭവങ്ങളും ഓർത്തുവച്ചുകൊണ്ടാകാം അങ്ങനെ പറയേണ്ടിവന്നത്.

എങ്കിലും ചാക്കോയുടെ അനേക വർഷത്തെ തൊഴിൽ പരിചയത്തിൽ കണ്ടെത്തിയ ചില അനുഭവങ്ങൾ സൂചിപ്പിച്ചാൽ മനോരോഗ വിദഗ്ധർ പോലും അഭിനന്ദിച്ചുപോകും. ഓഫിസിൽ നടത്തിയ കേസുകളിൽ തോൽവി ഉണ്ടാകുന്ന കക്ഷിക്ക് കേസ് തള്ളിയെന്നോ തോൽവി ഉണ്ടായെന്നോ, ഒരിക്കലും അപ്രകാരം എഴുതി അറിയിക്കുകയില്ല. മറിച്ച് നമ്മുടെ കേസിൽ അപ്പീൽ മുപ്പതു ദിവസങ്ങൾക്കുള്ളിൽ കൊടുക്കാൻ വിധിച്ച് ഉത്തരവുണ്ടായി എന്നും എത്രയും പെട്ടെന്നു ചെലവുമായി എത്തണമെന്നും, ചാക്കോ എഴുതി അറിയിക്കും.

ചാക്കോയുടെ ശിഷ്യനായി എത്തിയ വാസുപിള്ളയും ചാക്കോയെ സഹായിക്കാൻ സദാ സന്നദ്ധനാണ്. ആവശ്യത്തിനും അനവസരത്തിലുമുള്ള ഭവ്യത വാസുപിള്ളയുടെ പ്രത്യേകതയാണ്. ചിലപ്പോഴത് അരോചകമായി ഭവിക്കും. അത് ആരുടെയും മുൻപാകെയും എവിടെയും പ്രദർശിപ്പിക്കും. സീനിയർ വക്കീൽ വാസുപിള്ളേ... എന്നു വിളിച്ചാൽ 'എന്തൊ' എന്നു പറഞ്ഞ് ഓടിയെത്തി അമിത ഭവ്യത കാട്ടി, വലതു കൈപ്പത്തികൊണ്ടു വായ് മൂടി സശ്രദ്ധം നിൽക്കും. സീനിയർ എന്തു പറഞ്ഞാലും 'ഓ' 'ഓ' എന്ന വാക്കിൽ മറുപടി ഒതുക്കും.

അങ്ങനെയിരിക്കെ വക്കീലിനെ കണ്ട് ഒരു കേസ് ഫയൽ ചെയ്യുന്ന കാര്യം ആലോചിക്കാൻ ഗ്രാമവാസികളായ, മൂന്നു സഹോദരങ്ങൾ ഓഫിസിലെത്തി. അവർ വിദ്യാഭ്യാസം തീരെ ഇല്ലാത്തവരായിരുന്നു. അവരുടെ വസ്തുവിലേക്ക് അനുവാദം കൂടാതെ കെ.എസ്.ഇ.ബിയിലെ നാലഞ്ച് ഉദ്യോഗസ്ഥർ പുതിയ ട്രാൻസ്ഫോമർ കയറ്റിവച്ചെന്നും അതിന്റെ പ്രവർത്തനം ആരംഭിക്കാൻ മറ്റു പണികൾ തുടങ്ങിയിരിക്കുന്നു എന്നും വക്കീലിനെ അറിയിച്ചു.

വസ്തുവിലേക്ക് കയറ്റിവച്ച ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കാൻ അസ്സൽ അന്യായവും, പ്രവർത്തനം നിരോധിക്കാനും സ്ഥലപരിശോധനയ്ക്കു കമ്മിഷനെ നിയമിക്കാനും ഉപഹർജികൾ ഫയൽ ചെയ്തു. അതു കോടതിയിൽ നമ്പരിട്ട് ബഞ്ചിൽ എത്തുന്നതുവരെ ചാക്കോയും വാസുപിള്ളയും കക്ഷികളെ കൂട്ടി ചെയ്യേണ്ട കാര്യങ്ങൾ വേണ്ടതുപോലെ ചെയ്തു. അങ്ങനെ ആ കേസ് ബഞ്ചിലെത്തിച്ചു.

നിർഭാഗ്യമെന്നു പറയട്ടെ, കേസ് വിളിച്ച സമയം സീനിയർ വക്കീലിനോ ജൂനിയർ വക്കീലിനോ എത്താൻ സാധിച്ചില്ല. മുൻസിഫ്, കേസ് മറ്റൊരു ദിവസത്തേക്കു തീയതി കുറിച്ചു മാറ്റി. വാസുപിള്ള കോടതിയിൽ പോയി കേസ് പോസ്റ്റ് ചെയ്ത തീയതി കുറിക്കുന്ന ഡയറി പരിശോധിച്ചു. ആ കേസ് വിദൂര സമയത്തേക്കു മാറ്റിയെന്ന് വക്കീലിനെ അറിയിച്ചു.

കേസ് ഇറക്കിവച്ച്, വാദം കേൾക്കാൻ ഉപഹർജി പിറ്റേദിവസം ഫയൽ ചെയ്തു. അടുത്ത ദിവസം ആ ഹർജി ബഞ്ചിൽ എത്തി. കേസ് ഇറക്കിവച്ച് വാദം കേൾക്കാൻ ഉത്തരവായി. അതിനുള്ള ദിവസവും കോടതി തീരുമാനിച്ചു. ട്രാൻസ്ഫോമർ കേസ് ഇറക്കിവച്ച് വാദം കേൾക്കാൻ കോടതി അനുവദിച്ചെന്നും ആ ദിവസം കക്ഷി എത്തണമെന്നും കാണിച്ച് കത്ത് അയയ്ക്കാൻ വാസുപിള്ളയോടു നിർദേശിച്ചു.

ആ ദിവസമെത്തി. രാവിലെ വക്കീലോഫിസിൽ ആറേഴ് ആൾക്കാരുമായി കക്ഷി എത്തി. സീനിയർ വക്കീലിനു മുൻപിൽ തന്റെ കൂടെയെത്തിയവരുമായി കക്ഷി ഹാജരായി. വക്കീൽ കക്ഷിയോടു ചോദിച്ചു:

"ഇവർ ആരൊക്കെയാണ്?"

"വക്കീലദ്ദേഹം, ഇവരെ വിളിച്ചോണ്ടു വന്നതാണ്" അയാൾ മറുപടി കൊടുത്തു.

"എന്തിനാടോ ഒരു വാദം കേൾക്കാൻ ഇത്രയും നാട്ടുകാരെ കൂട്ടിക്കൊണ്ടുവന്നത്?" വക്കീൽ ആകാംക്ഷയോടെ ചോദിച്ചു.

"വക്കീലദ്ദേഹം! ട്രാൻസ്ഫോമർ ഇറക്കിവച്ച് വാദം കേൾക്കും. അതിനാൽ ഇന്ന് കോടതിയിൽ വരണമെന്നു ഗുമസ്തൻ അറിയിച്ചിരുന്നു. ട്രാൻസ്ഫോമർ വസ്തുവിലേക്ക് കയറ്റിവച്ചത് ആറേഴുപേർ കൂടിയാണ്. തിരികെ റോഡിലേക്ക് ഇറക്കിവയ്ക്കുന്നതിന് ആറേഴു പേരുടെ സഹായം വേണ്ടായോ? അതെങ്ങനെ വേണമെന്ന് ഈ വന്നവരോടൊന്ന് പറഞ്ഞുകൊടുക്കണം. ഇറക്കിവച്ചശേഷം വേണ്ടേ വാദം പറയാൻ"? കക്ഷി നിർദോഷിയായി മറുപടി നൽകി.

"തന്റെ കൈയിൽ ഗുമസ്തൻ അയച്ച കാർഡോ ഇൻലൻഡോ ഉണ്ടോ?"

വക്കീൽ ചോദിച്ചു.

"കാർഡ് കിട്ടിയിട്ടുണ്ട്."

"അതിലെന്താടോ എഴുതിയിരിക്കുന്നത്?"

"വക്കീലദ്ദേഹം! ട്രാൻസ്ഫോമർ ഇറക്കിവച്ചശേഷം വാദം കേൾക്കും. അതിനാൽ ഉടൻ ഓഫിസിൽ എത്തിച്ചേരണം. ഇതിൽ ഇന്നെത്തണമെന്നാണ് എഴുതിയിരിക്കുന്നത്."

സീനിയർ വക്കീൽ ആ കത്ത് കക്ഷിയിൽനിന്നും വാങ്ങി വായിച്ചുനോക്കി. കക്ഷി പറഞ്ഞതു ശരിയാണെന്നു ബോധ്യപ്പെട്ടു. ആ കത്തിനടിയിൽ പേരെഴുതി ഒപ്പിട്ടിരിക്കുന്നത് ആരാണെന്നു നോക്കി. 'സ്വന്തം വാസുപിള്ള, ക്ലർക്ക് ഒപ്പ്.'

"വാസുപിള്ളേ താനിങ്ങു വന്നേ" വക്കീൽ വാസുപിള്ളയെ സ്വരമുയർത്തി നീട്ടി വിളിച്ചു.

"ഓ... എത്തുന്നു..." മറുപടി പറഞ്ഞുകൊണ്ട് ഓടിയെത്തി, കൈ വായുടെ ഭാഗത്തു പൊത്തി ആദരവോടെ നിന്നു.

വക്കീൽ ഈ കത്ത് വാസുപിള്ളയുടെ കൈയിലേക്കു കൊടുത്തു വായിക്കാൻ നിർദേശിച്ചു:

"താൻ ഇതു രണ്ടുമൂന്നാവർത്തി ഒന്നു വായിക്ക്. എന്തെങ്കിലും തെറ്റുപറ്റിയോ എന്നു നോക്ക്."

കത്തു വാങ്ങി രണ്ടു മൂന്നാവർത്തി വായിച്ചപ്പോൾ വാസുപിള്ളയ്ക്ക് തെറ്റുപറ്റിയത് എവിടെയാണെന്നു മനസ്സിലായി. തലകുനിച്ച് അമിത ബഹുമാനത്തിൽ ഉരിയാടാതെ നിന്നു.

"എന്താടോ വാസുപിള്ളേ, തെറ്റുപറ്റിയത് എവിടെയാണെന്നു പറഞ്ഞേ."

"വക്കീലദ്ദേഹം ക്ഷമിക്കണം. 'ട്രാൻസ്ഫോമർ കേസ് ഇറക്കിവച്ചു' എന്നു വേണമായിരുന്നു എഴുതാൻ. 'കേസ്' എന്ന വാക്ക് വിട്ടുപോയി. 'ശേഷം' എന്ന വാക്ക് വേണ്ടായിരുന്നു."

"എടോ കക്ഷികൾ വേണം ഇതെല്ലാം സഹിക്കാൻ"

വക്കീൽ പറഞ്ഞുനിർത്തി.

"ഇനിയും തെറ്റു പറ്റത്തില്ല" വാസുപിള്ള മൊഴി നൽകി.

"എടോ പണ്ട് 'പല്ലാണ്ട് വാഴ്ക' എന്ന ഒരു തമിഴ് സിനിമയുടെ റിലീസിങ്ങിന് മലയാളത്തിൽ എഴുതിയ പോസ്റ്റർ കണ്ട ഒരുവൻ 'പല്ലൊണ്ടു വാഴക്കാ' എന്നു വായിച്ചപോലെയാണ് താൻ എഴുത്തുകൾ എഴുതുന്നത്."

ആരും ഒന്നും ഉരിയാടാതെ കുറെനേരം നിന്നു.

തീർന്നില്ല വാസുപിള്ളയുടെ കലാപ്രകടനങ്ങൾ.

ഏതു സിവിൽ കേസ് ഫയൽ ചെയ്താലും പ്രതികൾ വക്കീൽ മുഖേന പത്രികയോ ആക്ഷേപമോ ഫയൽ ചെയ്തുകഴിഞ്ഞാൽ, സിവിൽ നടപടി നിയമവും സിവിൽ നടപടി ചട്ടവുമനുസരിച്ച് 'ഇഷ്യൂസ് ഫ്രെയിം' ചെയ്യുക അല്ലെങ്കിൽ 'പോയിന്റ് ഫ്രെയിം' ചെയ്യുക എന്ന ഒരു ക്രമവുമുണ്ട്. പച്ചമലയാളത്തിൽ പറഞ്ഞാൽ, കോടതി തീരുമാനിക്കേണ്ട തർക്ക സംഗതി എന്തെന്നു തയാറാക്കി ഫയൽ ചെയ്യാൻ ഇരുകൂട്ടരോടും നിർദേശം നൽകുന്നതിന് പറയുന്ന ചുരുക്കപ്പേരാണ്.


വാസുപിള്ള, ചാക്കോയുടെ ശിഷ്യത്വം സ്വീകരിച്ച് അധികനാളായില്ല. ഗുരുസ്ഥാനീയനായ ചാക്കോ കക്ഷികളെ അറിയിക്കേണ്ട വിശദാംശങ്ങളുടെ

## ഒക്ടോബർ

### ജനനം



01 ടി.സി.അച്യുതമേനോൻ (1864)
പനമ്പിള്ളി ഗോവിന്ദമേനോൻ (1908)
ജെ.കെ.വി (1930)
എ.പി.ഉദയഭാനു (1915)
ഫാ.ജോസഫ് വടക്കൻ (1919)
02 ഗാന്ധിജയന്തി
ടി.കെ.മാധവൻ (1885)
വെളുത്തേരി കേശവൻ വൈദ്യൻ (1856)
പി.എം.ഉത്തമൻ (1961)
03 പി.എ.വാര്യർ (1920)
04 പി.കുഞ്ഞിരാമൻനായർ (1906)
എൻ.പി.ചെല്ലപ്പൻനായർ (1903)



06 സെബീന റാഫി (1924)
കെ.എം.തരകൻ (1930)
ടി.പി.സുകുമാരൻനായർ (1914)
07 ടി.ഉബൈദ് (1908)




നാലപ്പാട്ട് നാരായണമേനോൻ (1887)
പള്ളത്തുരാമൻ (1891)
കേളപ്പൻ (1880)
08 തിരുനല്ലൂർ കരുണാകരൻ (1924)
10 ചങ്ങമ്പുഴ കൃഷ്ണപിള്ള (1911)
കടവനാട്ടു കുട്ടിക്കൃഷ്ണൻ (1925)
കൈനക്കര കുമാരപിള്ള (1898)
11 ചമ്പാടൻ വിജയൻ (1947)
12 കുന്നിയൂർ കുഞ്ഞിക്കൃഷ്ണക്കുറുപ്പ് (1880)
13 ടി.എം.ചുമ്മാർ (1899)
15 എം.എസ്.ദേവദാസ് (1912)
പി.ടി.ഭാസ്കരപ്പണിക്കർ (1922)
16 വള്ളത്തോൾ നാരായണമേനോൻ (1878)
17 കുറ്റിപ്പുറത്തു കിട്ടുണ്ണിനായർ (1882)
18 കെ.പി.എസ്.മേനോൻ (1998)
ഇരയിമ്മൻതമ്പി (1782)
19 പുത്തേഴത്ത് രാമമേനോൻ (1891)
20 വി.എം.കുട്ടിക്കൃഷ്ണമേനോൻ (1907)
അപ്പു നെടുങ്ങാടി (1860)
21 ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ (1860)
23 ചെറുളിയിൽ കുഞ്ഞുണ്ണി നമ്പീശൻ (1899)



24 കെ.എസ്.നീലകണ്ഠനുണ്ണി (1897)
25 ടാറ്റാപുരം സുകുമാരൻ (1922)
തിക്കുറിശ്ശി സുകുമാരൻനായർ (1916)
26 പവനൻ (1926)
27 എ.അയ്യപ്പൻ (1949)
28 വി.രമേശ് ചന്ദ്രൻ (1941)
തോമസ് പാല (1934)
പ്രൊഫ.ടി.വി.ഈച്ചരവാരിയർ (1921)
29 എൽ.എ.രവിവർമ്മ (1884)
31 ജോസഫ് മറ്റം (1931)

### ചരമം

01 പി.സി.വാസുദേവൻ ഇളയത് (1994)
ഹരിഹരൻ പൂഞ്ഞാർ (1996)
പി.കെ.റഹിം (2007)



02 രാജാ രവിവർമ്മ (1906)
03 എൻ.മോഹനൻ (1999)
ടി.ഉബൈദ് (1972)
കാരാട്ട് അച്യുതമേനോൻ (1918)
പ്രൊഫ.എം.എൻ.വിജയൻ (2007)
05 വെളുത്തേരി കേശവൻവൈദ്യൻ (1896)
കൈക്കുളങ്ങര രാമവാര്യർ (1897)
വാഴൂർ വാസുദേവൻ (2006)



06 വി.കെ.കൃഷ്ണമേനോൻ (1974)
07 സുധാകരൻ തേലക്കാട്ട് (1965)
എൻ.കോയിത്തട്ട (1990)
കേളപ്പൻ (1971)
08 എം.ആർ.ബി (2001)
09 ഗുരുഗോപിനാഥ് (1987)
ബി.കല്യാണിയമ്മ (1959)




10 എൻ.കൃഷ്ണൻനായർ (2000)
ലീലാ ദാമോദരമേനോൻ (1995)
പി.സി.ദേവസ്യ (2006)
അഡ്വ.സി.വി.ശ്രീരാമൻ (2007)
ധീരപാലൻ ചാളിപ്പാട്ട് (2008)
11 വി.ടി.കുമാരൻ (1986)



12 എൻ.വി.കൃഷ്ണവാരിയർ (1989)
പി.ടി.ലാസർ (1992)
13 എ.എൻ.ഗണേശ് (2009)
14 ടി.പി.കിഷോർ (1998)
15 വി.കെ.ഗോവിന്ദൻനായർ (1977)
16 ഇടശ്ശേരി ഗോവിന്ദൻനായർ (1974)
ചെമ്പൈ വൈദ്യനാഥ ഭാഗവതർ (1974)



18 തെരുവത്ത് രാമൻ (2009)
19 കാത്തുള്ളിൽ അച്യുതമേനോൻ (1909)
കെ.വാസുദേവൻ മൂസത് (1965)
ജി.വിശ്വനാഥശർമ (1998)
വിദ്വാൻ ഇസഹാക്ക് ഗുരുക്കൾ (1998)
കാക്കനാടൻ (2011)
കെ.രാഘവൻ (2013)
20 കവിയൂർ മുരളി (2001)
വി.സി.ബാലകൃഷ്ണപ്പണിക്കർ (1912)
ശങ്കർജി മറ്റം (2006)
വല്ലച്ചിറ മാധവൻ (2013)
21 ആനി തയ്യിൽ (1993)
22 മുല്ലനേഴി നീലകണ്ഠൻ (2011)
കാർട്ടൂണിസ്റ്റ് കുട്ടി (2011)
23 മൂർക്കോത്തു കുഞ്ഞപ്പ (1993)
24 സി.പി.ശ്രീധരൻ (1996)
കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാൾ (1992)
25 ജോസഫ് മുണ്ടശ്ശേരി (1977)
26 എം.സി.ജോസഫ് (1981)
ടാറ്റാപുരം സുകുമാരൻ (1988)
ടി.സി.കല്യാണിയമ്മ (1956)
27 മാത്യു എം.കുഴിവേലി (1974)
വയലാർ രാമവർമ്മ (1975)
പി.എ.മുഹമ്മദ് കോയ (1990)
28 ഡോ.കെ.എൻ. എഴുത്തച്ഛൻ (1981)
ചെറുകാട് (1976)
എ.പി.ഉദയഭാനു (2008)



29 വാഗ്ഭടാനന്ദൻ (1930)
ആർ.നാരായണപ്പണിക്കർ (1959)
31 വക്കം മൗലവി (1932)
നാലാപ്പാട്ടു നാരായണമേനോൻ (1954)

## എന്റെ ഗുരുനാഥൻ

**വള്ളത്തോൾ നാരായണമേനോൻ**



**ലോ**കമേ തറവാടു തനിയ്ക്കീച്ചെടികളും
പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ;
ത്യാഗമെന്നതേ നേട്ടം; താഴ്മതാനഭ്യുന്നതി
യോഗവിത്തേവം ജയിക്കുന്നിതെൻ ഗുരുനാഥൻ.
താരകാമണിമാല ചാർത്തിയാലതും കൊള്ളാം!
കാറണിച്ചളി നീളെപ്പുരണ്ടാലതും കൊള്ളാം;
ഇല്ലിഹ സംഗം ലേപമെന്നിവ; സമസ്വച്ഛ-
മല്ലയോ വിഹായസ്സ്, വ്യണ്ണമെൻ ഗുരുനാഥൻ
ദുർജ്ജന്തു വിഹീനമാം ദുർല്ലഭതീർത്ഥ ഹ്രദം,
കജ്ജളോദ്ഗമമില്ലാത്തോരു മംഗളദീപം.
പാമ്പുകൾ തീണ്ടീടാത്ത മാണിക്യമഹാനദി,
പാഴ്നിഴലുണ്ടാക്കാത്ത പൂനിലാവെന്നാചാര്യൻ.
ശസ്ത്രമെന്നിയേ ധർമ്മ സംഗരം നടത്തുന്നോൻ,
പുസ്തകമെന്യേ പുണ്യാദ്ധ്യാപനം പുലർത്തുന്നോൻ.
ഔഷധമെന്യേ രോഗം ശമിപ്പിപ്പവൻ, ഹിംസാ-
ദോഷമെന്നിയേ യജ്ഞം ചെയ്‌വനെന്നാചാര്യൻ.
ശാശ്വതമഹിംസയാണമ്മഹാത്മാവിൻ വ്രതം;
ശാന്തിയാണവിടേയ്ക്കു പരദേവത പണ്ടേ;
ഓതുമാറുണ്ടദ്ദേഹ: 'മഹിംസാമണിച്ചട്ട-
യേതുടവാളിൻ കൊടുവായ്ത്തല മടക്കാത്തു?'
ഭാര്യയെക്കണ്ടെത്തിയ ധർമ്മത്തിൻ സല്ലാപങ്ങ-
ളാര്യസത്യത്തിൻ സദസ്സിങ്കലെസ്സംഗീതങ്ങൾ

* * *

ക്രിസ്തുദേവന്റെ പരിത്യാഗശീലവും, സാക്ഷാൽ
കൃഷ്ണനാം ഭഗവാന്റെ ധർമ്മരക്ഷോപായവും,
ബുദ്ധന്റെയഹിംസയും, ശങ്കരാചാര്യരുടെ
ബുദ്ധിശക്തിയും, രന്തിദേവന്റെ ദയാവായ്പും,
ശ്രീഹരിശ്ചന്ദ്രന്നുള്ള സത്യവും, മുഹമ്മദിൻ
സ്ഥൈര്യവുമൊരാളിൽച്ചേർന്നൊത്തുകാണണമെങ്കിൽ
ചെല്ലുവിൻ ഭവാന്മാരെൻ ഗുരുവിൻ നികടത്തി;-
ലല്ലായ്കിലവിടുത്തെച്ചരിത്രം വായിക്കുവിൻ!

വാക്കും പൊരുളും

## കേരളത്തെ രൂപപ്പെടുത്തിയ ആദ്യകാലപ്രഭാഷണങ്ങൾ

# ആദ്യമാതൃകയാകുന്ന വ്യവസായപ്രദർശനം

ഈ സമുദായക്കാരുടെ പരിശ്രമശീലം ഹേ തുവായിട്ട് അവർ ദൃഢഗാത്രന്മാരും ശക്തന്മാരും ആയ ഒരു സമുദായക്കാരായിത്തീർന്നിട്ടുണ്ട്. രാജ്യത്തിൽ ആഭ്യന്തര കലഹങ്ങളുണ്ടായിരുന്ന പണ്ടത്തെ കാലങ്ങളിൽ ഇവരുടെ സ ഹായത്തെക്കൂടി ഗവർമ്മെണ്ടു ധാരാളമായി സ്വീകരിച്ചിട്ടുണ്ട്. 1901ൽ എടുത്ത ഇക്കഴിഞ്ഞ സെൻസസ് റിപ്പോർട്ടിന്റെ 279-ാം പുറത്ത് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"മദ്ധ്യകാലങ്ങളിൽ തിരുവിതാംകോട്ടുണ്ടായിരുന്ന അനേകം ഇടപ്രഭുക്കന്മാരുടെ സൈന്യങ്ങളിൽ നായന്മാരോടൊന്നിച്ചു ഈഴവരെയും ഭടന്മാരായി നിയമിച്ചുണ്ടായിരുന്നു. ഈ ഇടപ്രഭുക്കന്മാരിൽ പ്രമാണി അമ്പലപ്പുഴ രാജാവായിരുന്നു. അദ്ദേഹത്തെക്കുറിച്ച് ജെ. സീവീ സ്ചർ എഴുതീട്ടുള്ള ഒരു വിവരണത്തിൽ ആ രാജാവിന്റെ സൈന്യത്തിൽ നായന്മാർ അധികം ഉണ്ടായിരുന്നില്ലെന്നും, അവർക്ക് പകരം ചോവന്മാരാണ് ഉണ്ടായിരുന്നതെന്നും പ്രസ്താവിച്ചിരിക്കുന്നു. 973ൽ നാടുനീങ്ങിയ രാമവർമ്മ മഹാരാജ തിരുമനസ്സിലെക്കാലത്തുകൂടിയും അദ്ദേഹത്തിന്റെ സൈന്യങ്ങളിൽ ധാരാളം ചോവന്മാരുണ്ടായിരുന്നുവെന്നു സാധാരണമാ യി സൂക്ഷ്മകാര്യങ്ങളെത്തന്നെ പ്രസ്താവിക്കാറുള്ള ഫ്രയർ ബർത്തലോമിയോ എഴുതിയിരിക്കുന്നു.'

സൈനികവൃത്തിയിൽ പ്രശസ്തി സമ്പാദിച്ചിട്ടുള്ള അനേകം ഈഴവകുഡുംബങ്ങൾ ഇ പ്പോഴും തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും ഉണ്ട്.'

സൈനികവൃത്തിയെ യോഗ്യതയോടുകൂടി നടത്തുവാൻ കഴിവുള്ള ആളുകൾ ഈ സമുദായത്തിൽ വളരെ ഉണ്ടെങ്കിലും ഇപ്പോൾ ഒരു ഒറ്റ ആളെപ്പോലും സൈന്യത്തിൽ പ്രവേശിപ്പിച്ചുവരുന്നില്ല. ഈഴവരിൽ അനേകംപേർ സൈ നികവൃത്തിയിൽ ഏർപ്പെട്ടിരുന്നവരായിരുന്നിട്ടും ശാന്തങ്ങളായ വ്യവസായ വൃത്തികളിൽ ഏർപ്പെടുവാൻ അവരെ പ്രേരിപ്പിച്ചതു എന്ത് ശക്തിയെന്നറിയുന്നില്ല. സിവിൽ ഉദ്യോഗങ്ങളിൽ പ്രവേശിക്കാൻ വേണ്ട വിദ്യാഭ്യാസവും യോഗ്യതയും സമ്പാദിച്ചിട്ടുള്ളവരെ ഉദ്യോഗങ്ങളിൽ പ്രവേശിപ്പിക്കുന്നതുകൊണ്ടും ജനസമുദായത്തിന്റെ പരിശ്രമശീലത്തിനു ഹാനി സംഭവിക്കുന്നതല്ലെന്ന് ബ്രിട്ടീഷ് മലബാറിലുള്ള തീയന്മാർക്കു പണ്ടേതന്നെ സർക്കാരുദ്യോഗങ്ങളിൽ ധാരാളം പ്രവേശനം ലഭിച്ചിട്ടും അവരുടെ ഇടയിൽ പരിശ്രമാഭിവൃദ്ധിക്ക് യാതൊരു ഹാനിയും സംഭവിച്ചിട്ടില്ലെന്നുള്ളതിൽ നിന്ന് സ്പഷ്ടമാകുന്നുണ്ട്. എന്നുതന്നെയല്ല തിരുവിതാംകോട്ടും കൊച്ചിയിലും ഈ ജാതിക്കാരിൽ യോഗ്യതയുള്ള ആളുകൾക്കു അവർക്കവകാശമുള്ള ഉദ്യോഗം കൊടുക്കാതെ ഇരിക്കുന്നതുകൊണ്ട് പറയത്തക്കവണ്ണം പരിശ്രമത്തിനു കൂടുതലായ യാതൊരു അഭിവൃദ്ധിയും ഉണ്ടായിട്ടുമില്ല. കഴിഞ്ഞ സെൻസസ് റിപ്പോർട്ടുപ്രകാരം പല വ്യവസായങ്ങളിലായി കൊച്ചിയിലും തിരുവിതാംകോട്ടുമുള്ള ഈഴവരിൽ സാക്ഷാൽ തൊഴിലാളികൾ നൂറ്റിനു 50.14 വീ തവും ബ്രിട്ടീഷ് മലബാറിൽ 50.09 വീതവുമാണുള്ളത്. ഈ സംഗതിയെക്കുറിച്ച് ഞാൻ ഇ ത്രയും പ്രസ്താവിച്ചത്, ഈ രാജ്യത്തിലെ മാറിപ്പോയ ഒരു ദിവാൻജി ഈഴവരിൽ വിദ്യാഭ്യാസമുള്ളവർക്കു സർക്കാരുദ്യോഗങ്ങളിൽ പ്രവേശനം അനുവദിക്കുന്നതുകൊണ്ട് ആ സമുദായക്കാരുടെ ഇടയിൽ വ്യവസായത്തിനു ഹാനി സംഭവിക്കുമെന്നു വാദിച്ചിട്ടുള്ളതുകൊണ്ടാണ്. ഈ സമുദായക്കാർക്കു ഇതേവരെ അനേകം ഗവർമ്മെണ്ടു പള്ളിക്കൂടങ്ങളിൽ പ്രവേശനം അനുവദിക്കാതെ ഇരുന്നിട്ടുള്ളതുകൊണ്ടും ഈ സമുദായക്കാരുടെ വ്യവസായത്തിനു വിശേഷവിധി വർദ്ധനയൊന്നും ഉണ്ടായിട്ടില്ല. ജപ്പാൻ രാജ്യത്തെപ്പോലെയുള്ള രാജ്യങ്ങളിൽ വിദ്യാഭ്യാസ പ്രചാരത്തിനു തക്കവണ്ണം വ്യവസായത്തിനു അഭിവൃദ്ധിയുണ്ടായി വരുന്നതായി നാം കാണുന്നുമുണ്ട്. ഈ രാജ്യത്തിൽ തന്നെയും വിദ്യാഭ്യാസം വ്യവസായത്തെ വർദ്ധിപ്പിക്കുകയേ ഉള്ളൂ എന്നുള്ളതിലേക്കു ഈ സമുദായത്തിൽ വിദ്യാഭ്യാസമുള്ളവരാൽ നടത്തപ്പെടുന്നതായ ഈ പ്രദർശനം തന്നെ ദൃഷ്ടാന്തമാണ്. തിരുവിതാങ്കോട്ടെയും കൊച്ചിയിലേയും ബ്രിട്ടീഷ് റസിഡന്റായിരുന്ന മിസ്റ്റർ മെക്കൻസി അദ്ദേഹത്തിന്റെ ഒരു പ്രസംഗത്തിൽ ഈ നാട്ടിലെ വിദ്യാഭ്യാസം ചെയ്തിട്ടുള്ള ചെറുപ്പക്കാർക്കു കൃഷി മുതലായ വ്യവസായങ്ങളിൽ പ്രവേശിക്കാനുള്ള വൈമനസ്യത്തെക്കുറിച്ചും സൂചിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഈ സൂചന ഈഴവരിലുള്ള ചെറുപ്പക്കാരെയും കൂടി സംബന്ധിക്കുന്നതല്ല. നേരെ മറിച്ചു ഈ സമുദായത്തിൽ വിദ്യാഭ്യാസം ചെയ്തിട്ടുള്ള അനേകം ചെറുപ്പക്കാർ വ്യവസായങ്ങളിൽ അധികമായ താൽപര്യത്തെ പ്രദർശിപ്പിച്ചുവരുന്നുണ്ടെന്നുള്ളത് തൃപ്തികരം തന്നെ. ഇന്നത്തെ പ്രദർശനസാമാനങ്ങളിൽ അധികവും അങ്ങനെയുള്ള ചെറുപ്പക്കാരാൽ കൊണ്ടുവരപ്പെട്ടിട്ടുള്ളവയാണെന്നുള്ള വസ്തുത കൊണ്ടുതന്നെ ഇത് സ്പഷ്ട മാണ്. ഈ പ്രദർശനം 6 ആഴ്ചവട്ടംകൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങളിൽ കേവലം, അപരിചിതന്മാരായ ആളുകളാൽ സാധിച്ചിട്ടുള്ളതാകുന്നു. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ച് ജനങ്ങളെ ഇതിന്റെ ഉദ്ദേശ്യത്തെ ധരിപ്പിക്കാനും വ്യവസായ പ്രദർശനത്തിനു യോഗ്യങ്ങളായ മാതൃകാസാധനങ്ങളെ ശേഖരിക്കാനും ഏജന്റന്മാരെ ഏർപ്പെടുത്തീട്ടുമില്ലായിരുന്നു. എന്നുതന്നെയല്ല നിത്യോപയോഗത്തിന് ആവശ്യമുള്ളതും നിത്യവ്യവസായത്തിൽ ഉൾപ്പെടുന്നതുമായ സാധനങ്ങളെക്കാൾ അപൂർവ്വങ്ങളും ജനങ്ങൾക്കു കൗതുകപ്രദങ്ങളുമായ സാധനങ്ങളെ മാത്രമാണ് പ്രദർശനത്തിന് ആവശ്യപ്പെട്ടിരിക്കുന്നതെന്നുള്ള തെ റ്റായ ധാരണയും നിർഭാഗ്യവശാൽ പലർക്കും ഉണ്ടായിരുന്നതായും കാണുന്നു. അതുകൊണ്ടു ഈ പ്രദർശനത്തിന്റെ ഫലം വിചാരിച്ചിരുന്നതുപോലെ ഒന്നും ആയിട്ടില്ല. അടുത്ത കൊല്ലത്തിൽ നിത്യോപയോഗത്തിനു ആവശ്യമായ സാധനങ്ങളെ ഇതിലധികം തൃപ്തികരമായ വിധത്തിൽ ശേഖരിക്കാൻ കഴിവുണ്ടാകണമെന്നു കമ്മിറ്റി വിശ്വസിക്കുന്നു. ഇപ്പോൾ കൊണ്ടുവരപ്പെട്ടിട്ടുള്ള പ്രദർശനസമാനങ്ങളുടെ ഗുണവും നാനാത്വവും എത്രതന്നെ മോശമായിരുന്നാലും, ഇവയിൽ നിന്നു പശ്ചിമതീരത്തിൽ പരിശ്രമ ശീലത്തിനു പണ്ടേതന്നെ പ്രസിദ്ധന്മാരായ ഈ സമുദായക്കാർ ഇപ്പോഴും മറ്റു സമുദായക്കാരെക്കാൾ നല്ല സ്ഥിതിയിൽ ആണിരിക്കുന്നതെന്ന് ഈ സാധനങ്ങൾ കാണിക്കുന്നുണ്ട്. പ്രദർശനസാധനങ്ങളിൽ പ്രസ്താവയോഗ്യങ്ങളായിട്ടുള്ളവയാണ്.

ഇങ്ങനെയുള്ള പ്രദർശനങ്ങൾ ഈ സമുദായത്തിന്റെ പരിശ്രമശീലത്തെ വർദ്ധിപ്പിക്കുമെന്നുതന്നെയല്ല ഈ വിഷയത്തിൽ ഇവരോടു മത്സരിക്കുന്നതിനു ഇത് മറ്റു സമുദായക്കാരെയും ഉത്സാഹിപ്പിക്കുമെന്നും അങ്ങനെയുണ്ടാകുന്ന സുഖകരമായ മത്സരം രാജ്യത്തിന്റെ പൊതുവിലുള്ള ക്ഷേമാഭിവൃദ്ധിക്ക് ഹേതുവായിത്തീരുമെന്നും കമ്മിറ്റിക്കാർ വിശ്വസിക്കുന്നു.

ഈ പ്രദർശനത്തിൽ പ്രത്യേക താൽപര്യത്തെ പ്രദർശിപ്പിക്കയും കമ്മിറ്റിക്കാരെ പ്രോത്സാഹിപ്പിക്കയും സഹായിക്കയും ചെയ്തിട്ടുള്ള എല്ലാ മാന്യന്മാർക്കും കമ്മിറ്റിക്കാർ വ ന്ദനം പറഞ്ഞുകൊള്ളുന്നു. മഹാരാജാവു തിരുമനസ്സിലെ ഗവർമെണ്ടിൽ നിന്നു ഇത്രയും ഔദാര്യപൂർവ്വം ചെയ്തുതന്നിട്ടുള്ള സഹായങ്ങൾ ക്കായും, ഇപ്പോഴത്തെ രാജ്യഭരണത്തിൽ ഈ സമുദായത്തിലുള്ള ചിലർക്കു ചില പ്രത്യേക വ്യവസായ കാര്യങ്ങൾക്കായി ലഭിച്ചിട്ടുള്ള സഹായങ്ങൾക്കായും തിരുമനസ്സിലെ പ്രജകളിൽ എത്രയും പ്രധാനപ്പെട്ട വിഭാഗമായ ഈഴവസമുദായത്തിന് ഒട്ടുക്കുള്ള വിനയപുരസ്സരമായ കൃതജ്ഞതയെ ഞങ്ങളെക്കുറിച്ച് പുത്രനിർവിശേഷമായ വാത്സല്യമുള്ള പൊന്നുതമ്പുരാൻ തിരുമനസ്സിലെ സന്നിധിയിൽ അറിയിക്കണമെന്നു പ്രദർശനകമ്മിറ്റിക്കാരും യോഗവും സായ്പവർകളോടു അപേക്ഷിച്ചുകൊള്ളുന്നു. വർഗ്ഗഭേദമെന്നിയെ എല്ലാവരേയും ഒരുപോലെ വിചാരിക്കുന്ന പരിഷ്കൃതമാനസനെന്നു പ്രസിദ്ധനായ ഇപ്പോഴത്തെ ദിവാൻ വി.പി.മാധവരായവർകളോടും അദ്ദേഹം ചെയ്തു തന്നിട്ടുള്ള സഹായങ്ങൾക്കും കാണിച്ചിട്ടുള്ള ദയയ്ക്കും ഞങ്ങൾ നന്ദിയുള്ളവരായിരിക്കുന്നു.

വളരെ അസൗകര്യങ്ങളെ സഹിച്ച് ഞങ്ങളുടെ ഈ ഒന്നാമത്തെ പ്രദർശനത്തെ എത്രയും ദയാപുരസ്സരം തുറന്ന സായ്പവർകൾക്കും ഞങ്ങൾ വന്ദനം പറഞ്ഞുകൊള്ളുന്നു.

**ഈ പ്രദർശനത്തിൽ പ്രത്യേക താൽപര്യത്തെ പ്രദർശിപ്പിക്കയും കമ്മിറ്റിക്കാരെ പ്രോത്സാഹിപ്പിക്കയും സഹായിക്കയും ചെയ്തിട്ടുള്ള എല്ലാ മാന്യന്മാർക്കും കമ്മിറ്റിക്കാർ വ ന്ദനം പറഞ്ഞുകൊള്ളുന്നു. മഹാരാജാവു തിരുമനസ്സിലെ ഗവർമെണ്ടിൽ നിന്നു ഇത്രയും ഔദാര്യപൂർവ്വം ചെയ്തുതന്നിട്ടുള്ള സഹായങ്ങൾക്കായും, ഇപ്പോഴത്തെ രാജ്യഭരണത്തിൽ ഈ സമുദായത്തിലുള്ള ചിലർക്കു ചില പ്രത്യേക വ്യവസായ കാര്യങ്ങൾക്കായി ലഭിച്ചിട്ടുള്ള സഹായങ്ങൾക്കായും തിരുമനസ്സിലെ പ്രജകളിൽ എത്രയും പ്രധാനപ്പെട്ട വിഭാഗമായ ഈഴവസമുദായത്തിന് ഒട്ടുക്കുള്ള വിനയപുരസ്സരമായ കൃതജ്ഞതയെ ഞങ്ങളെക്കുറിച്ച് പുത്രനിർവിശേഷമായ വാത്സല്യമുള്ള പൊന്നുതമ്പുരാൻ തിരുമനസ്സിലെ സന്നിധിയിൽ അറിയിക്കണമെന്നു പ്രദർശനകമ്മിറ്റിക്കാരും യോഗവും സായ്പവർകളോടു അപേക്ഷിച്ചുകൊള്ളുന്നു.**

## 100 വർഷം മുമ്പ്

**ഒക്ടോബർ** – 05

കോഴിക്കോട്ടുനിന്ന് കെ.അഹമ്മദിന്റെ പത്രാധിപത്യത്തിൽ ഹിദായത്ത് മാസിക പ്രസിദ്ധീകരിച്ചു.

**ഒക്ടോബർ** – 08

മലബാർ കുടിയാൻ ബില്ലിനെക്കുറിച്ച് സെല്ക്ടു കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് ബിൽ തയ്യാറാക്കാൻ അഡ്വക്കേറ്റ് ജനറൽ ദിവാൻ ബഹാദൂർ എം.കൃഷ്ണൻനായർ, ദിവാൻ ബഹാദൂർ ടി.ആർ.രാമചന്ദ്ര അയ്യർ, എസ്.സത്യമൂർത്തി, കെ.പി.രാമൻ മേനോൻ എന്നിവരടങ്ങിയ ഒരു സെല്ക്ട് കമ്മറ്റിയെ നിയമിച്ചു.

**ഒക്ടോബർ** – 12

ആലുവായിൽ മുനിസിപ്പാലിറ്റിക്കുള്ളിൽ മേലിൽ മദ്യഷാപ്പുകൾ ഉണ്ടായിരിക്കാൻ പാടില്ലെന്ന് മുനിസിപ്പൽ കൗൺസിൽ തീരുമാനിച്ചു.

**ഒക്ടോബർ** – 21

കണ്ണൂർ മുനിസിപ്പാലിറ്റിക്കുള്ളിൽ നിവസിക്കുന്ന പുലയർക്ക് ഒരു പ്രത്യേക ശ്മശാന സ്ഥലം അനുവദിച്ചു.

## കോടതിക്കഥകൾ – 31

# സീനിയർ ഗുമസ്തനും....

ചുമതല ബാലപാഠത്തിനായി വാസുപിള്ളയെ ഏല്പിച്ചു. ഓരോ ആഴ്ചയുടെയും അവസാന ദിവസം കേസുകളിൽ ചെയ്യേണ്ടതെല്ലാം കേസ് നമ്പരിട്ട് ഒരു ബുക്കിൽ എഴുതി ചാക്കോ വാസുപിള്ളയെ ഏല്പിക്കും. വാസുപിള്ള അതു നോക്കി പകർത്തി തന്റെ ഇഷ്ടപ്പെട്ട ഭാവനയിൽ വാക്കുകൾ സ്വയം ചേർത്ത് എഴുതി കാർഡുകളയയ്ക്കും.

ഒരു കേസിലെ കക്ഷി, കിട്ടിയ കാർഡുമായി നേരിട്ട് സീനിയർ വക്കീലിനെ കാണാനെത്തി. വാസുപിള്ളയോ ചാക്കോയോ ഓഫിസിൽ ഇല്ലാതിരുന്നത് അവരുടെ ഭാഗ്യം. സീനിയർ കാർഡ് വാങ്ങി വായിച്ചുനോക്കി. കത്തിൽ എഴുതിയിരിക്കുന്നത് കണ്ട് അമ്പരന്നു:

സർ,

താങ്കളുടെ കേസ്... -ാം തീയതിയിലേക്ക് ഇഷ്യു ഫ്രെയിം ചെയ്ത്, ഹാജരാക്കാൻ മാറ്റിയിരിക്കുന്നു. ഫ്രെയിം ചെയ്യേണ്ടത് എവിടെയാണെന്നും എങ്ങനെയെന്നും ഓഫിസിൽ വരുമ്പോൾ പറഞ്ഞു തരും. കൂടുതൽ എണ്ണം വേണമെങ്കിൽ നേരത്തെ അറിയിക്കണം. വക്കീലും ഗുമസ്തനും ഫ്രെയിം ചെയ്യാൻ സഹായിക്കും. അതിന് ആവശ്യമുള്ള സാധനങ്ങൾ കടയിൽനിന്നു വാങ്ങിക്കണം. കാശു ചെലവുള്ള സംഗതിയാണ്. ഉടനെ ചെലവുമായി എത്തണം. വിശ്വസ്തതയോടെ വക്കീൽഗുമസ്തൻ ചാക്കോയ്ക്കു വേണ്ടി വാസുപിള്ള. ഒപ്പ്. തീയതി.

വാസുപിള്ള ഓഫിസിൽ എത്തിയ ഉടൻ വക്കീൽ വിളിച്ചു:

"വാസുപിള്ളേ! ഇഷ്യൂസ് ഫ്രെയിം ചെയ്യണമെന്നു കോടതി ഉത്തരവിട്ടാൽ, ഫോട്ടോ ഫ്രെയിം ചെയ്ത്, അതു കോടതിയിൽ കൊടുക്കുകയല്ല, മേലിൽ ചാക്കോയെ കാണിക്കാതെ താൻ ഒരു കാർഡും അയയ്ക്കരുത്."

വാസുപിള്ള പതിവുപോലെ ഓച്ചാനിച്ചുനിന്ന് തലകുലുക്കി, കൂടെ 'ഓ' 'ഓ' എന്നും വലതുകൈ കൊണ്ട് മുഖം മറച്ച് പറഞ്ഞു.




ലെഫ്റ്റനന്റ് കമാൻഡർ രൂപ: അതെ സർ, ഇത്തരമൊരു യാത്രയ്ക്ക്, ഞങ്ങൾ രണ്ടുപേർക്കും ഒരുമിച്ച് കഠിനാധ്വാനം ചെയ്യേണ്ടിവന്നു, ലെഫ്റ്റനന്റ് കമാൻഡർ ദിൽന പറഞ്ഞതുപോലെ, ഞങ്ങൾ രണ്ടുപേർ മാത്രമേ ബോട്ടിൽ ഉണ്ടായിരുന്നുള്ളൂ. ഞങ്ങൾ തന്നെയായിരുന്നു ബോട്ട് റിപ്പയർ ചെയ്യുന്നവർ, എഞ്ചിൻ മെക്കാനിക്കുകളും ഞങ്ങൾ തന്നെ. സെയിൽ മേക്കർ, മെഡിക്കൽ അസിസ്റ്റന്റ്, പാചകക്കാർ, ക്ലീനർമാർ, ഡൈവർമാർ, നാവിഗേറ്റർമാർ എല്ലാം. ഭാരതീയ നാവികസേന ഞങ്ങളുടെ ഈ നേട്ടത്തിന് വലിയ സംഭാവന നൽകി. അവർ ഞങ്ങൾക്ക് എല്ലാത്തരം പരിശീലനങ്ങളും നൽകി. വാസ്തവത്തിൽ, സർ, ഞങ്ങൾ നാല് വർഷമായി ഒരുമിച്ച് കപ്പൽ യാത്ര ചെയ്യുന്നു, അതിനാൽ ഞങ്ങൾക്ക് ഞങ്ങളുടെ കരുത്തും ബലഹീനതയും ഞങ്ങൾക്ക് നന്നായി അറിയാം. അതുകൊണ്ടാണ് ഞങ്ങളുടെ വഞ്ചിയിൽ ഒരിക്കലും പരാജയപ്പെടാത്ത ഒരു ഉപകരണം ഉണ്ടായിരുന്നു എന്ന് ഞങ്ങൾ പറയുന്നത്. അത് ഞങ്ങളുടെ ടീം വർക്കാണ്.

പ്രധാനമന്ത്രി: ശരി, കാലാവസ്ഥ മോശമായിരുന്നപ്പോൾ, കാരണം കടലിന്റെ കാലാവസ്ഥ പ്രവചനാതീതമാണല്ലോ, നിങ്ങൾ ആ സാഹചര്യം എങ്ങനെ കൈകാര്യം ചെയ്തു?

ലെഫ്റ്റനന്റ് കമാൻഡർ രൂപ: സർ, ഞങ്ങളുടെ യാത്രയിൽ പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായിരുന്നു. ഈ പര്യവേഷണത്തിൽ ഞങ്ങൾക്ക് നിരവധി വെല്ലുവിളികൾ നേരിടേണ്ടി വന്നു. പ്രത്യേകിച്ച് സർ, Southern Oceanൽ കാലാവസ്ഥ എപ്പോഴും മോശമാണ്. മൂന്ന് കൊടുങ്കാറ്റുകൾ ഞങ്ങൾക്ക് നേരിടേണ്ടി വന്നു. സർ, ഞങ്ങളുടെ ബോട്ടിന് 17 മീറ്റർ നീളവും 5 മീറ്റർ വീതിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ചിലപ്പോഴൊക്കെ മൂന്ന് നില കെട്ടിടത്തേക്കാൾ വലിയ തിരമാലകൾ വന്നു സർ. ഞങ്ങളുടെ യാത്രയിൽ ഞങ്ങൾ കടുത്ത ചൂടും അതിശൈത്യവും നേരിട്ടിട്ടുണ്ട്. സർ, ഞങ്ങൾ അന്റാർട്ടിക്കയിൽ കപ്പൽ യാത്ര ചെയ്യുമ്പോൾ, താപനില 1 ഡിഗ്രി സെൽഷ്യസ് ആയിരുന്നു, മണിക്കൂറിൽ 90 കിലോമീറ്റർ വേഗതയിലുള്ള കാറ്റിനെ നേരിടേണ്ടിവന്നു. തണുപ്പിൽ നിന്ന് രക്ഷ നേടാനായി, ഞങ്ങൾ ആറോ ഏഴോ ലെയർ വസ്ത്രങ്ങൾ ധരിച്ചിരുന്നു, ഞങ്ങൾ മുഴുവൻ ടീഗവേല്യി ഛരലമിനും മുറിച്ചുകടന്നത് അത്തരം 7 ലെയർ വസ്ത്രങ്ങളും ധരിച്ചാണ് സർ. ചിലപ്പോഴൊക്കെ ഞങ്ങൾ ഗ്യാസ് സ്റ്റൗ ഉപയോഗിച്ച് കൈകൾ ചൂടാക്കുമായിരുന്നു സർ, ചിലപ്പോൾ തീരെ കാറ്റില്ലാത്ത സാഹചര്യങ്ങളും ഉണ്ടായി. അപ്പോൾ പായ പൂർണ്ണമായും താഴ്ത്തി ഞങ്ങൾ ഒഴുക്കിനൊത്ത് നീങ്ങിക്കൊണ്ടിരുന്നു. ഇത്തരം സാഹചര്യങ്ങളാണ് സർ യഥാർത്ഥത്തിൽ നമ്മുടെ ക്ഷമ പരീക്ഷിക്കുന്നത്.

പ്രധാനമന്ത്രി നമ്മുടെ രാജ്യത്തെ പെൺകുട്ടികൾ ഇത്തരം സാഹസിക ദൌത്യങ്ങൾ ഏറ്റെടുക്കുന്നുണ്ടെന്ന് കേൾക്കുമ്പോൾ ആളുകൾ അത്ഭുതപ്പെടും. ഈ സഞ്ചാരവേളയിൽ നിങ്ങൾ പല രാജ്യങ്ങളിൽ തങ്ങിയിട്ടുണ്ടല്ലോ. അവിടെ നിങ്ങൾക്ക് എന്തായിരുന്നു അനുഭവം? ഭാരതത്തിന്റെ രണ്ട് പെൺമക്കളെ കാണുമ്പോൾ ആളുകളുടെ മനസ്സിൽ അനവധി ചിന്തകൾ ഉണ്ടായിരുന്നിരിക്കണം.

ലെഫ്റ്റനന്റ് കമാൻഡർ ദിൽന അതെ, സർ. ഞങ്ങൾക്ക് മികച്ച അനുഭവമാണ് ലഭിച്ചത്, സർ. എട്ട് മാസത്തിനുള്ളിൽ ഞങ്ങൾ നാല് സ്ഥലങ്ങളിൽ തങ്ങി, സർ: ഓസ്ട്രേലിയ, ന്യൂസിലാൻഡ്, പോർട്ട് സ്റ്റാൻലി, ദക്ഷിണാഫ്രിക്ക എന്നിവിടങ്ങളിൽ.

പ്രധാനമന്ത്രി: ഓരോ സ്ഥലത്തും ശരാശരി എത്ര നാൾ തങ്ങിയിട്ടുണ്ടാവും?

ലെഫ്റ്റനന്റ് കമാൻഡർ ദിൽന: സർ, ഞങ്ങൾ ഓരോ സ്ഥലത്തും 14 ദിവസം തങ്ങി, സർ.

പ്രധാനമന്ത്രി : ഒരിടത്ത് 14 ദിവസം?

ലെഫ്റ്റനന്റ് കമാൻഡർ ദിൽന : കറക്ട് സർ. സർ, ലോകത്തിന്റെ എല്ലാ കോണിലും ഞങ്ങൾ ഭാരതീയരെ കണ്ടു. വളരെ ക്രിയാത്മകമായും ആത്മവിശ്വാസത്തോടെയും അവർ ഭാരതത്തിന്റെ യശസ്സ് വർദ്ധിപ്പിക്കുന്നത് ഞങ്ങൾ കണ്ടു. ഞങ്ങളുടെ വിജയം അവർ സ്വന്തം വിജയമായി കണക്കാക്കുന്നതായി തോന്നി. ഓരോയിടത്തും ഞങ്ങൾക്ക് വ്യത്യസ്തമായ അനുഭവങ്ങളുണ്ടായി, വെസ്റ്റേൺ ഓസ്ട്രേലിയൻ പാർലമെന്റ് സ്പീക്കർ ഞങ്ങളെ ക്ഷണിച്ചു. അദ്ദേഹം ഞങ്ങളെ വളരെയധികം പ്രചോദിപ്പിച്ചു, ഞങ്ങൾക്ക് വളരെ അഭിമാനം തോന്നുന്ന കാര്യങ്ങളാണ് നടന്നത്. ഞങ്ങൾ ന്യൂസിലാൻഡിൽ പോയപ്പോൾ, മാവൂരി ജനത ഞങ്ങളെ സ്വാഗതം ചെയ്യുകയും നമ്മുടെ ഭാരത സംസ്കാരത്തോട് വലിയ ബഹുമാനം കാണിക്കുകയും ചെയ്തു, സർ. ഒരു പ്രധാന കാര്യം പറയാം, സർ, പോർട്ട് സ്റ്റാൻലി ഒരു വിദൂര ദ്വീപാണ്, സർ. ഇത് തെക്കേ അമേരിക്കയ്ക്കടുത്താണ്. അവിടെ ആകെ ജനസംഖ്യ 3,500 മാത്രമാണ്, സർ, പക്ഷേ അവിടെ ഞങ്ങൾ ഒരു കൊച്ചു ഭാരതം കണ്ടു, അവിടെ 45 ഭാരതീയർ ഉണ്ടായിരുന്നു. അവർ ഞങ്ങളെ സ്വന്തമായി കരുതി സ്വന്തം വീട്ടിലെപ്പോലത്തെ അനുഭവം പകർന്നു നൽകി.

പ്രധാനമന്ത്രി: ശരി, നിങ്ങളെപ്പോലെ വ്യത്യസ്തമായ എന്തെങ്കിലും ചെയ്യാൻ ആഗ്രഹിക്കുന്ന രാജ്യത്തെ പെൺമക്കൾക്ക് നിങ്ങൾ രണ്ടുപേരും എന്ത് സന്ദേശമാണ് നൽകാൻ ആഗ്രഹിക്കുന്നത്?

ലെഫ്റ്റനന്റ് കമാൻഡർ രൂപ: സർ, ഞാൻ ലെഫ്റ്റനന്റ് കമാൻഡർ രൂപയാണ്. ആരെങ്കിലും നിറഞ്ഞ മനസ്സോടെ കഠിനാധ്വാനം ചെയ്താൽ, ഈ ലോകത്ത് ഒന്നും അസാധ്യമല്ലെന്ന് ഞാൻ എല്ലാവരോടും പറയാൻ ആഗ്രഹിക്കുന്നു. നിങ്ങൾ എവിടെ നിന്നാണ്, എവിടെയാണ് ജനിച്ചത് എന്നത് പ്രശ്നമല്ല. സർ, ഭാരതത്തിലെ ചെറുപ്പക്കാരും സ്ത്രീകളും വലിയ സ്വപ്നങ്ങൾ കാണണമെന്നും ഭാവിയിൽ എല്ലാ പെൺകുട്ടികളും സ്ത്രീകളും പ്രതിരോധം, കായികം, സാഹസികത എന്നിവയിലൂടെ രാജ്യത്തിന് യശസ്സ് കൊണ്ടുവരണമെന്നുമുള്ളത് ഞങ്ങൾ രണ്ടുപേരുടെയും ആഗ്രഹമാണ്.

**നമ്മുടെ ഉത്സവങ്ങൾ ഭാരത സംസ്കാരത്തെ സജീവമായി നിലനിർത്തുന്നു. ദീപാവലിക്ക് ശേഷം വരുന്ന ഒരു പുണ്യ ഉത്സവമാണ് ഛഠ് പൂജ. സൂര്യദേവന് സമർപ്പിതമായ ഈ മഹോത്സവം സവിശേഷമാണ്. ഇതിൽ, ഞങ്ങൾ അസ്തമയ സൂര്യന് നിവേദ്യം അർപ്പിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. ഛഠ് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മാത്രമല്ല, ലോകമെമ്പാടും ഇത് ആഘോഷിക്കപ്പെടുന്നു. ഇന്ന് ഇത് ഒരു ആഗോള ഉത്സവമായി മാറിക്കൊണ്ടിരിക്കുകയാണ്. സുഹൃത്തുക്കളേ, ഛഠ് പൂജയുമായി ബന്ധപ്പെട്ട് ഭാരത സർക്കാരും ഒരു വലിയ ശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്നുണ്ടെന്ന് നിങ്ങളെ അറിയിക്കുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്.**

പ്രധാനമന്ത്രി: ദിൽന: രൂപ നിങ്ങളുടെ വാക്കുകൾ കേൾക്കുമ്പോൾ, നിങ്ങൾ കാണിച്ച അപാരമായ ധൈര്യത്തിൽ ഞാൻ പുളകിതനാകുന്നു. നിങ്ങൾ രണ്ടുപേർക്കും എന്റെ ഹൃദയംഗമമായ നന്ദി. നിങ്ങളുടെ കഠിനാധ്വാനം, വിജയം, നേട്ടങ്ങൾ നിസ്സംശയമായും രാജ്യത്തെ യുവാക്കളെയും സ്ത്രീകളെയും പ്രചോദിപ്പിക്കും. ഇതുപോലെ ത്രിവർണ്ണ പതാക പാറിക്കുന്നത് തുടരുക. നിങ്ങളുടെ ഭാവി ശ്രമങ്ങൾക്ക് എന്റെ മംഗളാശംസകൾ.

ലെഫ്റ്റനന്റ് കമാൻഡർ ദിൽന: നന്ദി സർ.

പ്രധാനമന്ത്രി: വളരെ നന്ദി. വണക്കം. നമസ്കാരം.

ലെഫ്റ്റനന്റ് കമാൻഡർ രൂപ: നമസ്കാരം സർ.

സുഹൃത്തുക്കളേ,

നമ്മുടെ ഉത്സവങ്ങൾ ഭാരത സംസ്കാരത്തെ സജീവമായി നിലനിർത്തുന്നു. ദീപാവലിക്ക് ശേഷം വരുന്ന ഒരു പുണ്യ ഉത്സവമാണ് ഛഠ് പൂജ. സൂര്യദേവന് സമർപ്പിതമായ ഈ മഹോത്സവം സവിശേഷമാണ്. ഇതിൽ, ഞങ്ങൾ അസ്തമയ സൂര്യന് നിവേദ്യം അർപ്പിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. ഛഠ് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മാത്രമല്ല, ലോകമെമ്പാടും ഇത് ആഘോഷിക്കപ്പെടുന്നു. ഇന്ന് ഇത് ഒരു ആഗോള ഉത്സവമായി മാറിക്കൊണ്ടിരിക്കുകയാണ്. സുഹൃത്തുക്കളേ, ഛഠ് പൂജയുമായി ബന്ധപ്പെട്ട് ഭാരത സർക്കാരും ഒരു വലിയ ശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്നുണ്ടെന്ന് നിങ്ങളെ അറിയിക്കുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഛഠ് പൂജയെ യുനെസ്കോയുടെ Intangible Cultural Heritage list അതായത് അദൃശ്യ സാംസ്കാരിക പൈതൃക പട്ടികയിൽ ഉൾപ്പെടുത്താൻ ഭാരത സർക്കാർ ശ്രമിക്കുന്നു. ഛഠ് പൂജയെ യുനെസ്കോ പട്ടികയിൽ ഉൾപ്പെടുത്തുമ്പോൾ, ലോകത്തിന്റെ എല്ലാ കോണുകളിലുമുള്ള ആളുകൾക്ക് അതിന്റെ മഹത്വവും ദിവ്യത്വവും മനസ്സിലാക്കാൻ കഴിയും.

സുഹൃത്തുക്കളേ,

കുറച്ചു കാലം മുമ്പ്, ഭാരത സർക്കാരിന്റെ സമാനമായ ശ്രമങ്ങൾ കാരണം, കൊൽക്കത്തയിലെ ദുർഗ്ഗാ പൂജയും ഈ യുനെസ്കോ പട്ടികയിൽ ഉൾപ്പെടുത്തി. നമ്മുടെ സാംസ്കാരിക പരിപാടികൾക്ക് ആഗോളതലത്തിൽ അംഗീകാരം ലഭിച്ചാൽ, ലോകം അവയെക്കുറിച്ച് പഠിക്കുകയും മനസ്സിലാക്കുകയും അവയിൽ പങ്കെടുക്കാൻ മുന്നോട്ട് വരികയും ചെയ്യും.

സുഹൃത്തുക്കളേ,

ഒക്ടോബർ 2 ഗാന്ധി ജയന്തിയാണ്. സ്വദേശി ഉല്പന്നങ്ങൾ സ്വീകരിക്കണമെന്ന് ഗാന്ധിജി എപ്പോഴും ഊന്നിപ്പറഞ്ഞിരുന്നു. അവയിൽ ഖാദി മുൻപന്തിയിലായിരുന്നു. നിർഭാഗ്യവശാൽ, സ്വാതന്ത്ര്യാനന്തരം, ഖാദിയുടെ ആകർഷണീയത മങ്ങുകയായിരുന്നു, എന്നാൽ കഴിഞ്ഞ 11 വർഷമായി, രാജ്യത്തെ ജനങ്ങൾക്ക് ഖാദിയോടുള്ള താല്പര്യം വർദ്ധിച്ചു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഖാദി വിൽപ്പനയിൽ ഗണ്യമായ വർദ്ധനവ് കണ്ടിട്ടുണ്ട്. ഒക്ടോബർ 2ന് ഏതെങ്കിലും ഒരു ഖാദി ഉൽപ്പന്നം വാങ്ങണമെന്ന് ഞാൻ എല്ലാവരോടും അഭ്യർത്ഥിക്കുന്നു. അത് തദ്ദേശീയമാണെന്ന് അഭിമാനത്തോടെ പ്രഖ്യാപിക്കുക. വോക്കൽ ഫോർ ലോക്കൽ എന്ന ഹാഷ് ടാഗോടെ സോഷ്യൽ മീഡിയയിൽ ഇത് പങ്കുവെയ്ക്കുക.

സുഹൃത്തുക്കളേ,

ഖാദി പോലെ തന്നെ, നമ്മുടെ കൈത്തറി, കരകൗശല മേഖലകളിലും ഗണ്യമായ മാറ്റങ്ങൾ വന്നിട്ടുള്ളത് കാണാം. പാരമ്പര്യവും നൂതനാശയങ്ങളും സംയോജിപ്പിക്കുകയാണെങ്കിൽ അത്ഭുതകരമായ ഫലങ്ങൾ ഉണ്ടാകുമെന്നതിന് നിരവധി ഉദാഹരണങ്ങൾ ഇന്ന് നമ്മുടെ രാജ്യത്ത് കാണാൻ കഴിയും. തമിഴ്നാട്ടിലെ യാഴ് നാച്ചുറൽസ് ഇതിനൊരു ഉദാഹരണമാണ്. ഇവിടെ, അശോക് ജഗദീഷനും പ്രേം സെൽവരാജും തങ്ങളുടെ കോർപ്പറേറ്റ് ജോലികൾ ഉപേക്ഷിച്ച് ഒരു പുതിയ സംരംഭത്തിന് തുടക്കമിട്ടു. പുല്ലും വാഴനാരും ഉപയോഗിച്ച് യോഗ മാറ്റുകൾ നിർമ്മിച്ചു, ഹെർബൽ ഡൈകൾ ഉപയോഗിച്ച് വസ്ത്രങ്ങൾ ചായം പൂശി, 200 കുടുംബങ്ങൾക്ക് പരിശീലനം കൊടുത്ത് തൊഴിൽ നൽകി.




ഝാർഖണ്ഡിലെ ആശിഷ് സത്യവ്രത് സാഹു, ജോഹർഗ്രാം ബ്രാൻഡിലൂടെ ഗോത്ര നെയ്ത്തും വസ്ത്രങ്ങളും ആഗോളതലത്തിൽ എത്തിച്ചു. അദ്ദേഹത്തിന്റെ ശ്രമങ്ങളിലൂടെ മറ്റ് രാജ്യങ്ങളിലെ ആളുകളും ഝാർഖണ്ഡിന്റെ സാംസ്കാരിക പൈതൃകത്തെക്കുറിച്ച് ബോധവാന്മാരായി. ബിഹാറിലെ മധുബനി ജില്ലയിൽ നിന്നുള്ള സ്വീറ്റി കുമാരിയും സങ്കൽപ് ക്രിയേഷൻ ആരംഭിച്ചു. മിഥില പെയിന്റിംഗിനെ സ്ത്രീകളുടെ ഉപജീവനമാർഗമാക്കി അവർ മാറ്റി. ഇന്ന്, 500ലധികം ഗ്രാമീണ സ്ത്രീകൾ അവരുമായി ചേർന്ന് സ്വാശ്രയത്വത്തിലേക്കുള്ള പാതയിൽ മുന്നേറുന്നു. ഈ വിജയഗാഥകളെല്ലാം നമ്മെ പഠിപ്പിക്കുന്നത് നമ്മുടെ പാരമ്പര്യങ്ങളിൽ നിരവധി വരുമാന സ്രോതസ്സുകൾ ഉണ്ടെന്നാണ്. ഇച്ഛാശക്തി ഉറച്ചതാണെങ്കിൽ വിജയം നമ്മെ കൈവിടില്ല.

**ഭൂപെൻ ഹസാരികയുടെ ഗാനങ്ങൾ ലോകമെമ്പാടുമുള്ള വിവിധ രാജ്യങ്ങളെ എങ്ങനെ ബന്ധിപ്പിക്കുന്നു എന്നതിന് ഇവ സാക്ഷ്യം വഹിക്കുന്നു. വാസ്തവത്തിൽ, ശ്രീലങ്കയിൽ വളരെ പ്രശംസനീയമായ ഒരു ശ്രമം നടന്നിട്ടുണ്ട്. ഇതിൽ ഭൂപെൻദായുടെ പ്രശസ്തമായ മനുഹെമനുഹർ ബാബേ എന്ന ഗാനം ഉൾപ്പെടുന്നു, ഇത് ശ്രീലങ്കൻ കലാകാരന്മാർ സിംഹളയിലേക്കും തമിഴിലേക്കും വിവർത്തനം ചെയ്തിട്ടുണ്ട്. ഇതിന്റെ ഓഡിയോ ഞാൻ നിങ്ങൾക്കായി പ്ലേ ചെയ്തിട്ടുണ്ട്. കുറച്ച് ദിവസങ്ങൾക്ക് മുമ്പ്, അസമിൽ അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചു. അത് ശരിക്കും ഒരു അവിസ്മരണീയ സംഭവമായിരുന്നു.**

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,
കുറച്ച് ദിവസങ്ങൾക്കുള്ളിൽ, നമ്മൾ വിജയദശമി ആഘോഷിക്കും. ഈ വിജയദശമി സവിശേഷമാകാൻ മറ്റൊരു കാരണം കൂടിയുണ്ട്. രാഷ്ട്രീയ സ്വയംസേവക സംഘം സ്ഥാപിതമായതിന്റെ 100ാം വാർഷികമാണ് ഈ ദിവസം. ഒരു നൂറ്റാണ്ടിന്റെ ഈ യാത്ര അത്ഭുതകരവും, അഭൂതപൂർവവും, പ്രചോദനാത്മകവുമാണ്. 100 വർഷങ്ങൾക്ക് മുമ്പ് രാഷ്ട്രീയ സ്വയംസേവക സംഘം സ്ഥാപിതമായപ്പോൾ, നൂറ്റാണ്ടുകളായി രാജ്യം അടിമത്തത്തിന്റെ ചങ്ങലകളിൽ ബന്ധിക്കപ്പെട്ടിരുന്നു. നൂറ്റാണ്ടുകൾ നീണ്ടുനിന്ന ഈ അടിമത്തം നമ്മുടെ ആത്മാഭിമാനത്തെയും ആത്മവിശ്വാസത്തെയും ആഴത്തിൽ മുറിവേൽപ്പിച്ചു. ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന നാഗരികത ഒരു സ്വത്വ പ്രതിസന്ധിയെ നേരിടുകയായിരുന്നു. നമ്മുടെ നാട്ടുകാർ അപകർഷതാബോധത്തിന്റെ ഇരകളായി മാറുകയായിരുന്നു. അതുകൊണ്ട്, രാജ്യത്തിന്റെ സ്വാതന്ത്ര്യത്തോടൊപ്പം, രാജ്യം പ്രത്യയശാസ്ത്രപരമായ അടിമത്തത്തിൽ നിന്ന് മുക്തമാകേണ്ടതും പ്രധാനമായിരുന്നു. അത്തരമൊരു സാഹചര്യത്തിൽ, പരമാദരണീയനായ ഡോ. ഹെഡ്ഗേവാർ ഈ വിഷയത്തെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങി, ഈ ഭഗീരഥയജ്ഞത്തിനായി, 1925ൽ വിജയദശമിയുടെ ശുഭാവസരത്തിൽ അദ്ദേഹം രാഷ്ട്രീയ സ്വയംസേവക സംഘം ആർ.എസ്.എസ്. സ്ഥാപിച്ചു. ഡോ. സാഹിബിന്റെ വിയോഗത്തിനുശേഷം, ഏറ്റവും ആദരണീയനായ ഗുരുജി ദേശസേവനത്തിന്റെ ഈ മഹത്തായ യജ്ഞം മുന്നോട്ട് കൊണ്ടുപോയി. ഗുരുജി പറയാറുണ്ടായിരുന്നു, രാഷ്ട്രായ സ്വാഹാ, ഇദം രാഷ്ട്രായ ഇദം ന മമ, അതായത് ഇത് എന്റേതല്ല, ഇത് രാഷ്ട്രത്തിന്റേതാണ്. ഈ പ്രസ്താവന സ്വാർത്ഥതാൽപ്പര്യത്തിന് അതീതമായി ഉയർന്നുവന്ന് രാഷ്ട്രത്തോടുള്ള സമർപ്പണം സ്വീകരിക്കാൻ നമ്മെ പ്രചോദിപ്പിക്കുന്നു. ഗുരുജി ഗോൾവാൾക്കറുടെ ഈ പ്രസ്താവന ദശലക്ഷക്കണക്കിന് സന്നദ്ധ പ്രവർത്തകർക്ക് ത്യാഗത്തിന്റെയും സേവനത്തിന്റെയും പാത കാണിച്ചുകൊടുത്തു. ത്യാഗത്തിന്റെയും സേവനത്തിന്റെയും ആത്മാവും അത് പഠിപ്പിക്കുന്ന അച്ചടക്കവുമാണ് സംഘത്തിന്റെ യഥാർത്ഥ ശക്തി. ഇന്ന്, നൂറു വർഷത്തിലേറെയായി ആർഎസ്എസ് അക്ഷീണം, നിരന്തരം ദേശസേവനത്തിൽ ഏർപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് രാജ്യത്ത് എവിടെ ഒരു പ്രകൃതിദുരന്തം സംഭവിച്ചാലും ആദ്യം എത്തിച്ചേരുന്നത് ആർ.എസ്.എസ്. വളണ്ടിയർമാരാണെന്ന് നാം കാണുന്നത്. ലക്ഷോപലക്ഷം വളണ്ടിയർമാരുടെ ഓരോ പ്രവൃത്തിയിലും പരിശ്രമത്തിലും രാഷ്ട്രം ആദ്യം, Nation Firstഎന്ന ഇ ൗ മനോഭാവം എപ്പോഴും പരമപ്രധാനമാണ്. ദേശസേവനത്തിന്റെ മഹത്തായ യജ്ഞത്തിനായി സ്വയം സമർപ്പിക്കുന്ന ഓരോ വളണ്ടിയർക്കും ഞാൻ എന്റെ ആശംസകൾ നേരുന്നു.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,
അടുത്ത മാസം, ഒക്ടോബർ 7 മഹർഷി വാൽമീകി ജയന്തിയാണ്. വാൽമീകി മഹർഷിയോട് ഭാരതസംസ്കാരം എത്രത്തോളം കടപ്പെട്ടിരിക്കുന്നുവെന്ന് നമുക്കെല്ലാവർക്കും അറിയാം. ശ്രീരാമന്റെ അവതാര കഥകൾ ഇത്രയും വിശദമായി നമുക്ക് പരിചയപ്പെടുത്തിയത് വാൽമീകി മഹർഷിയാണ്. രാമായണം പോലൊരു മഹത്തായ ഗ്രന്ഥം അദ്ദേഹം മനുഷ്യരാശിയ്ക്ക് നൽകി.

സുഹൃത്തുക്കളേ,
രാമായണത്തിന്റെ ഈ സ്വാധീനം അതിൽ ഉൾക്കൊള്ളുന്ന ശ്രീരാമന്റെ ആദർശങ്ങളും മൂല്യങ്ങളും മൂലമാണ്. ഭഗവാൻ ശ്രീരാമൻ സേവനം, സമഭാവന, കരുണ എന്നിവയിലൂടെ എല്ലാവരേയും ആശ്ലേഷിച്ചു. അതുകൊണ്ടാണ് വാൽമീകി മഹർഷിയുടെ രാമായണത്തിലെ രാമൻ, ശബരി മാതാവിനോടും നിഷാദരാജനോടുംകൂടി പൂർണ്ണത കൈവരിക്കുന്നത്. സുഹൃത്തുക്കളേ, അതുകൊണ്ടാണ് അയോധ്യയിൽ രാമക്ഷേത്രം പണിതപ്പോൾ, അതിനോട് ചേർന്ന് നിഷാദരാജന്റെയും മഹർഷി വാൽമീകിയുടെയും ക്ഷേത്രങ്ങൾ നിർമ്മിച്ചത്. രാംലല്ല സന്ദർശിക്കാൻ നിങ്ങൾ അയോധ്യയിലേക്ക് പോകുമ്പോൾ മഹർഷി വാൽമീകിയുടെയും നിഷാദരാജന്റെയും ക്ഷേത്രങ്ങൾ സന്ദർശിക്കണമെന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു.
എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,

കല, സാഹിത്യം, സംസ്കാരം എന്നിവയെക്കുറിച്ചുള്ള ഏറ്റവും സവിശേഷമായ കാര്യം, അവ ഏതെങ്കിലും ഒരു മേഖലയിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല എന്നതാണ്. അവയുടെ സുഗന്ധം എല്ലാ അതിരുകളെയും മറികടക്കുകയും ജനമനസ്സുകളെ സ്പർശിക്കുകയും ചെയ്യുന്നു. അടുത്തിടെ, പാരീസിലെ ഒരു സാംസ്കാരിക സ്ഥാപനമായ സൗന്ത്ഖ് മണ്ഡപഅതിന്റെ 50 വർഷം പൂർത്തിയാക്കി. ഭാരതീയ നൃത്തകലയെ ജനപ്രിയമാക്കുന്നതിൽ ഈ കേന്ദ്രം ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. കുറച്ച് വർഷങ്ങൾക്ക് മുമ്പ് പത്മശ്രീ ലഭിച്ച മിലേന സാൽവിനിയാണ് ഇത് സ്ഥാപിച്ചത്. സൗന്ത്ഖ് മണ്ഡ പവുമായി ബന്ധപ്പെട്ട എല്ലാവരെയും ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും അവരുടെ ഭാവി ശ്രമങ്ങൾക്ക് എല്ലാ ആശംസകളും നേരുകയും ചെയ്യുന്നു.

സുഹൃത്തുക്കളേ,
ഞാൻ ഇപ്പോൾ നിങ്ങൾക്കായി രണ്ട് ചെറിയ ഓഡിയോ ക്ലിപ്പുകൾ പ്ലേ ചെയ്യുന്നു. ദയവായി അവ ശ്രദ്ധിക്കുക

സുഹൃത്തുക്കളേ,
ഭൂപെൻ ഹസാരികയുടെ ഗാനങ്ങൾ ലോകമെമ്പാടുമുള്ള വിവിധ രാജ്യങ്ങളെ എങ്ങനെ ബന്ധിപ്പിക്കുന്നു എന്നതിന് ഇവ സാക്ഷ്യം വഹിക്കുന്നു. വാസ്തവത്തിൽ, ശ്രീലങ്കയിൽ വളരെ പ്രശംസനീയമായ ഒരു ശ്രമം നടന്നിട്ടുണ്ട്. ഇതിൽ ഭൂപെൻദായുടെ പ്രശസ്തമായ മനുഹെമനുഹർ ബാബേ എന്ന ഗാനം ഉൾപ്പെടുന്നു, ഇത് ശ്രീലങ്കൻ കലാകാരന്മാർ സിംഹളയിലേക്കും തമിഴിലേക്കും വിവർത്തനം ചെയ്തിട്ടുണ്ട്. ഇതിന്റെ ഓഡിയോ ഞാൻ നിങ്ങൾക്കായി പ്ലേ ചെയ്തിട്ടുണ്ട്. കുറച്ച് ദിവസങ്ങൾക്ക് മുമ്പ്, അസമിൽ അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചു. അത് ശരിക്കും ഒരു അവിസ്മരണീയ സംഭവമായിരുന്നു.

സുഹൃത്തുക്കളേ,
കുറച്ച് ദിവസങ്ങൾക്ക് മുമ്പ്, അസം, ഭൂപെൻ ഹസാരികയുടെ ജന്മശതാബ്ദി ആഘോഷിക്കുമ്പോൾ, ഒരു ദു?ഖകരമായ കാര്യം കൂടി സംഭവിയ്ക്കാൻ ഇയടയായി. സുബീൻ ഗർഗിന്റെ അകാല വിയോഗത്തിൽ ആളുകൾ ദുഖിതരാണ്. രാജ്യമെമ്പാടും തന്റെ വ്യക്തിമുദ്ര പതിപ്പിച്ച പ്രശസ്ത ഗായകനായിരുന്നു സുബീൻ ഗർഗ്. അസമീസ് സംസ്കാരവുമായി അദ്ദേഹത്തിന് ആഴത്തിലുള്ള ബന്ധമുണ്ടായിരുന്നു. സുബീൻ ഗർഗ് എപ്പോഴും നമ്മുടെ ഓർമ്മകളിൽ നിലനിൽക്കും, അദ്ദേഹത്തിന്റെ മാസ്മരിക സംഗീതം വരും തലമുറകളെ ആകർഷിക്കും.

*സുബീൻ ഗർഗ്, ആസിൽ*
*അഹോമോർ ഹമോസ്കൃതിർ, ഉജ്ജോൾ രത്നോ*
*ജനോതാർ ഹൃദയയോത്, തേയോ ഹദായ് ജിയായ്, ഥാകീബോധ*
സുബീൻ, അസം സംസ്കാരത്തിലെ കോഹിനൂർ (ഏറ്റവും തിളക്കമുള്ള രത്നം) ആയിരുന്നു. അദ്ദേഹത്തിന്റെ ഭൌതികശരീരം നമ്മുടെ കൂടെയില്ലെങ്കിലും, അദ്ദേഹം നമ്മുടെ മനസ്സുകളിൽ എന്നെന്നും നിലനിൽക്കും.

സുഹൃത്തുക്കളേ,
കുറച്ച് ദിവസങ്ങൾക്ക് മുമ്പ്, നമ്മുടെ രാജ്യത്തിന്, ഒരു മികച്ച ദാർശനികനും തത്വചിന്തകനുമായ എസ്. എൽ. ഭൈരപ്പയെ നഷ്ടപ്പെട്ടു. എനിക്ക് ഭൈരപ്പയുമായി വ്യക്തിപരമായ ബന്ധമുണ്ടായിരുന്നു, വിവിധ അവസരങ്ങളിൽ ഞങ്ങൾ നിരവധി വിഷയങ്ങളിൽ ആഴത്തിലുള്ള സംഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ കൃതികൾ യുവതലമുറയുടെ ചിന്തകൾക്ക് വഴികാട്ടിയായിരിക്കും. അദ്ദേഹത്തിന്റെ അനേകം, കന്നഡ ഭാഷാകൃതികളുടെ വിവർത്തനങ്ങൾ ലഭ്യമാണ്. നമ്മുടെ വേരുകളെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും അഭിമാനിക്കേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം നമ്മെ പഠിപ്പിച്ചു. എസ്.എൽ. ഭൈരപ്പയ്ക്ക് ഞാൻ എന്റെ ഹൃദയാർദ്രമായ ആദരാഞ്ജലികൾ അർപ്പിക്കുന്നു. യുവതലമുറയോട്, അദ്ദേഹത്തിന്റെ കൃതികൾ വായിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

എന്റെ പ്രിയപ്പെട്ട നാട്ടുകാരേ,
ഇനിയങ്ങോട്ട് ഒന്നിനുപിറകെ ഒന്നായി ഉത്സവങ്ങളും സന്തോഷങ്ങളും വരാനിരിക്കുന്നു. എല്ലാ ഉത്സവവേളകളിലും നാം ധാരാളം ഷോപ്പിംഗ് നടത്തുന്നു. ഇത്തവണ ജി.എസ്.ടി. സേവിംഗ്സ് ഫെസ്റ്റിവലും നടക്കുന്നുണ്ട്.

സുഹൃത്തുക്കളേ,
ഒരു ഉറച്ച തീരുമാനമെടുക്കുന്നതിലൂടെ, നമുക്ക് നമ്മുടെ ഉത്സവങ്ങളെ കൂടുതൽ സവിശേഷമാക്കാൻ കഴിയും. തദ്ദേശീയ ഉൽപ്പന്നങ്ങൾ മാത്രം ഉപയോഗിച്ച് ഇത്തവണ ഉത്സവങ്ങൾ ആഘോഷിക്കാൻ നമ്മൾ ദൃഢനിശ്ചയം എടുത്താൽ, നമ്മുടെ ആഘോഷങ്ങളുടെ തിളക്കം പലമടങ്ങ് വർദ്ധിക്കുന്നതായി കാണാൻ കഴിയും. വോക്കൽ ഫോർ ലോക്കൽ എന്നത് നിങ്ങളുടെ

# ഇന്ത്യയുടെ മെട്രോമാൻ എന്ന ഇതിഹാസ എഞ്ചിനീയർ: ഡോ: ഇ.ശ്രീധരൻ



ചെയ്തു. യുദ്ധകാല അടിസ്ഥാനത്തിലുള്ള ഈ നേട്ടത്തിനുള്ള അംഗീകാരമായി ഇന്ത്യൻ റെയിൽവേ മന്ത്രി പ്രത്യേക പുരസ്കാരം നൽകി ഈ ശ്രീധരനെ ആദരിച്ചു. 1970ൽ ഡെപ്യൂട്ടി ചീഫ് എൻജിനീയറായിരിക്കെ ഇന്ത്യയിലെ ആദ്യ മെട്രോ റെയിൽ പദ്ധതി അതായത് കൊൽക്കത്തയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഈ ശ്രീധരനെ ചുമതലപ്പെടുത്തി. ഈ ബൃഹത് പദ്ധതി അദ്ദേഹം സമയബന്ധിതമായി പൂർത്തിയാക്കുക മാത്രമല്ല ഇത് ആധുനിക ഇന്ത്യയുടെ ഒരു അടിസ്ഥാന എൻജിനീയറിങ് കാര്യവേപ്പായി കണക്കാക്കുകയും ചെയ്തു. 1975 വരെ അദ്ദേഹം ഈ തസ്തികയിൽ തുടർന്നു. 1971 ഒക്ടോബറിൽ ശ്രീധരൻ കൊച്ചിൻ ഷിപ്യാർഡിൽ ജോലിക്ക് ചേർന്നപ്പോൾ ഈ സ്ഥാപനം ഉൽപ്പാദനക്ഷമത വളരെ കുറഞ്ഞ നിലയിലായിരുന്നു. ഷിപ്യാർഡിന്റെ ആദ്യകപ്പലായിരുന്ന

എംവി രാണി പത്മിനിയുടെ ഉൽപ്പാദനം അനന്തമായി നീണ്ടുപോയിക്കൊണ്ടിരുന്നു. എന്നാൽ മാനേജിങ് ഡയറക്ടർ ആൻഡ് ചെയർമാൻ ആയി ജോലി ഏറ്റെടുത്തതിനു ശേഷം വെറും രണ്ടുവർഷത്തിനുള്ളിൽ ആദ്യ കപ്പൽ നീറ്റിലിറങ്ങി. 1319 മീറ്റർ അതായത് 4327 അടി നീളം ഗോവയിലെ സുവാരി നദിക്കുകുറുകെ കൊങ്കൺ റെയിൽവേ പാലം . 1987 ജൂലൈയിൽ വെസ്റ്റേൺ റെയിൽവേ ജനറൽ മാനേജറായി സ്ഥാനക്കയറ്റം ലഭിച്ചു.

**യുദ്ധകാല അടിസ്ഥാനത്തിലുള്ള ഈ നേട്ടത്തിനുള്ള അംഗീകാരമായി ഇന്ത്യൻ റെയിൽവേ മന്ത്രി പ്രത്യേക പുരസ്കാരം നൽകി ഈ ശ്രീധരനെ ആദരിച്ചു. 1970ൽ ഡെപ്യൂട്ടി ചീഫ് എൻജിനീയറായിരിക്കെ ഇന്ത്യയിലെ ആദ്യ മെട്രോ റെയിൽ പദ്ധതി അതായത് കൊൽക്കത്തയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഈ ശ്രീധരനെ ചുമതലപ്പെടുത്തി. ഈ ബൃഹത് പദ്ധതി അദ്ദേഹം സമയബന്ധിതമായി പൂർത്തിയാക്കുക മാത്രമല്ല ഇത് ആധുനിക ഇന്ത്യയുടെ ഒരു അടിസ്ഥാന എൻജിനീയറിങ് കാര്യവേപ്പായി കണക്കാക്കുകയും ചെയ്തു. 1975 വരെ അദ്ദേഹം ഈ തസ്തികയിൽ തുടർന്നു. 1971 ഒക്ടോബറിൽ ശ്രീധരൻ കൊച്ചിൻ ഷിപ്യാർഡിൽ ജോലിക്ക് ചേർന്നപ്പോൾ ഈ സ്ഥാപനം ഉൽപ്പാദനക്ഷമത വളരെ കുറഞ്ഞ നിലയിലായിരുന്നു.**

1989 ജൂലൈയിൽ മെമ്പർ ഓഫ് എൻജിനീയറിങ് റെയിൽവേ ബോർഡ് എക്സ് ഓഫീസ് സെക്രട്ടറി ഓഫ് ഗവൺമെന്റ് ഓഫ് ഇന്ത്യ എന്നീ നിലകളിലും പ്രവർത്തിച്ചു. 1990 ജൂണിൽ വിരമിച്ച സമയത്ത് സർക്കാർ ശ്രീധരന്റെ സേവനം ഇപ്പോഴും ആവശ്യമാ ണെന്ന് വ്യക്തമാക്കി. അന്നത്തെ റെയിൽ വേ മന്ത്രി ജോർജ്ജ് ഫെർണാണ്ടസ് 1990ൽ കൊങ്കൺ റെയിൽവേയിൽ സിഎംഡി ആയി നിയമിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കമ്പനി വെറും ഏഴുവർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കി. പല കാരണങ്ങളാൽ ഈ പദ്ധതി സവി ശേഷ പ്രാധാന്യം അർഹിക്കുന്നുണ്ട്. ബിഒടി ബിൽഡ് ഓപ്പറേറ്റ് ട്രാൻസ്ഫർ അടിസ്ഥാനത്തിൽ ഇന്ത്യയിലെ ആദ്യത്തെ പ്രധാന പദ്ധതിയാണിത്.

സാധാരണ ഇന്ത്യൻ റെയിൽവേ പിന്തുടരുന്ന ഒരു മാതൃകയല്ലായിരുന്നു ശ്രീധരൻ കൊങ്കൺ റെയിൽവേക്കായി തിരഞ്ഞെടുത്തത്.

ഈ പദ്ധതിയിൽ 93 തുരങ്കങ്ങളിലും 82 കിലോമീറ്റർ ദൈർഘ്യമുള്ളതും മൃദു മണ്ണിലൂടെ തുരങ്കമുണ്ടാക്കുന്നതും ഉൾപ്പെടുന്നു. 760 കിലോമീറ്റർ ദൈർഘ്യമുള്ള പദ്ധതിയിൽ 150 പാലങ്ങളുണ്ടായിരുന്നു. ഒരു പൊതുമേഖലാ പദ്ധതി അധിക ബാധ്യതകളൊന്നും തന്നെ ഇല്ലാതെ കൃത്യസമയത്ത് തന്നെ പൂർത്തീകരിക്കാൻ സാധിച്ചു. ഇതാ ഇന്ത്യൻ റെയിൽവേ ചരിത്രത്തിൽ തന്നെ ഒരു വലിയ നാഴികക്കല്ലായി കണക്കാക്കപ്പെടുന്നു. ലോകത്ത് ഇതുവരെ നിർമ്മിക്കപ്പെട്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ശ്രമകരമായ ദൗത്യമായി കൊങ്കൺ റെയിൽവേയെ പരാമർശിച്ചിരിക്കുന്നു.

അന്നത്തെ ഡൽഹി മുഖ്യമന്ത്രിയായിരുന്ന സാഹിബ് സിംഗ് വർമ്മ ഈ ശ്രീധരനെ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷന്റെ മാനേജിങ് ഡയറക്ടറായി നിയമിച്ചു. 1997 മധ്യത്തോടുകൂടി തന്നെ പദ്ധതി പ്രതീക്ഷിച്ച ബഡ്ജറ്റിനുള്ളിൽ നിന്നുകൊണ്ടുതന്നെ അതിവിജയകരമായി പൂർത്തിയാക്കുകയും ചെയ്തു.

ഈ പദ്ധതിയുടെ ഗംഭീരവിജയം അദ്ദേഹത്തെ മെട്രോമാൻ എന്ന വിശേഷണത്തിന് അർഹനാക്കി. ഇന്ത്യക്ക് വളരെ നിർണായകമായ ഒരു പ്രൊജക്ടായിരുന്നു അത്.

2005ൽ അദ്ദേഹം ഫ്രാൻസിന്റെ ഗവൺമെന്റ് ഷെവലിയർ ഡി ലീജിയോൺ ഡി ഹോണർ നൈറ്റ് ഓഫ് ദ ലീജിയൻ ഓഫ് ഹോണർ എന്ന അവാർഡ് നൽകി ആദരിച്ചു. 2008ൽ ഇന്ത്യ ഗവൺമെന്റിന്റെ രണ്ടാമത്തെ സിവിലിയൻ ബഹുമതിയായ പദ്മവിഭൂഷൺ നൽകി ആദരിക്കുകയുണ്ടായി. ഇന്ത്യയിലെ ഏറ്റവും ബഹുമാനിക്കപ്പെടുന്ന സിവിലിയൻ ബഹുമതിയായ ഭാരതരത്ന പുരസ്കാരം ശ്രീധരന് നൽകണമെന്ന് ഇന്ത്യയിലെ പല പ്രമുഖ വ്യക്തികളും ആവശ്യപ്പെട്ടിരുന്നു. തന്റെ പദ്ധതികളിൽ യാതൊരു രാഷ്ട്രീയ ഇടപെടലുകളോ കൈകടത്തലുകളോ അദ്ദേഹം അനുവദിച്ചിരുന്നില്ല.

2005 അവസാനത്തോടെ താൻ വിരമിക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചിരുന്നു എങ്കിലും ഡൽഹി മെട്രോയുടെ രണ്ടാംഘട്ടം പൂർത്തിയാക്കാൻ അദ്ദേഹം തുടർന്നു. ഡൽഹി മെട്രോയിലെ 16 വർഷത്തെ സേവനത്തിനു ശേഷം ശ്രീധരൻ 2011 ഡിസംബർ 31ന് വിരമിച്ചിരുന്നു. ഡിഎംആർസിയുടെ നിന്നും വിരമിച്ചതിനുശേഷം ശ്രീധരൻ കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ മുഖ്യഉപദേഷ്ടാവായി നിയമിതനായി. ഈ പദ്ധതിയുടെ ആരംഭത്തിൽ തന്നെ അന്നത്തെ കേരള ഗവൺമെന്റ് കൊച്ചി മെട്രോയുടെ പദ്ധതി നടപ്പിലാക്കിനായി ഡൽഹി മെട്രോ കോർപ്പറേഷന് പകരമായി ഗ്ലോബൽ ടെൻഡർ വിളിക്കുവാൻ തീരുമാനിച്ചത് വലിയ വിവാദങ്ങൾക്ക് കാരണമായി. ഗവൺമെന്റ് നിക്ഷിപ്ത താൽപ്പര്യങ്ങൾക്ക് കൂട്ടുനിൽക്കുന്നതായി ആരോപണങ്ങൾ ഉയർന്നു. ഈ തീരുമാനത്തെ എതിർത്ത് പല രാഷ്ട്രീയ പാർട്ടികളും രംഗത്തുവന്നു.

അതിനുശേഷം സർക്കാർ നിലപാട് മാറ്റി. കൊച്ചി മെട്രോയിൽ ഡിഎംആർസിയുടെ പങ്ക് നടപ്പാക്കുന്നതിന് ശ്രീധരന്റെ തീരുമാനത്തെ പിന്തുണച്ചു. 2017 ജൂൺ 17ന് കൊച്ചി മെട്രോ നിരവധി ആഘോഷങ്ങളുടെ ഭാഗമായി അവതരിപ്പിച്ചു. നിയന്ത്രണ സംവിധാനങ്ങൾ ട്രാൻസ്ജെൻഡർ ജനങ്ങൾ ലംബമായ ഉദ്യാനങ്ങൾ കുടിയേറ്റ തൊഴിലാളികൾ സൗരോർജ്ജം എന്നിവ ഉപയോഗിച്ച് തുടങ്ങിയ ഒരു മികച്ച സംരംഭമായി കണക്കാക്കപ്പെടുന്നു.

ജയ്പൂർ വിശാഖപട്ടണം വിജയവാഡ കോയമ്പത്തൂർ ആസൂത്രണഘട്ടത്തിലുള്ള ഈ പദ്ധതികളിൽ എല്ലാം തന്നെ അദ്ദേഹം മുഖ്യ ഉപദേശക സ്ഥാനം വഹിക്കുന്നു. റെയിൽവേ മന്ത്രാലയം പുരസ്കാരം 1963 പദ്മശ്രീ ഭാരത സർക്കാർ 2001 മാൻ ഓഫ് ദ ഇയർ ദ ടൈംസ് ഓഫ് ഇന്ത്യ 2002 ഓം പ്രകാശ് ബാസിൻ അവാർഡ് പ്രൊഫഷണൽ എക്സലൻസ് ഇൻ എൻജിനീയറിങ് 2002 സിഐഐ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി അവാർഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് 2002–2003 ഏഷ്യയിലെ ഹീറോസ് അവാർഡ് ദ ടൈംസ് ഓഫ് ഇന്ത്യ 2003 ഐഎംഎ അഖിലേന്ത്യ മാനേജ്മെന്റ് അസോസിയേഷൻ അവാർഡ് പബ്ലിക് സർവീസ് എക്സലൻസ് 2003 ഐഐടി ഡൽഹിയിൽ നിന്നുള്ള ഡോക്ടറേറ്റ് ഓഫ് സയൻസ് ഓണററി ബിരുദം ശിരോമണി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള ഭാരത് ശിരോമണി പുരസ്കാരം ഛത്തീസ്ഗഡ് 2005 ഷെവലിയർ ഡി. ലീജിയോൺ ഡി. ഹോണർ ഗവൺമെന്റ് ഓഫ് ഫ്രാൻസ് കിഡ്ധിയാപ്പോ പ്ലാറ്റിനം സ്റ്റാൻ ഡേർഡ് ബിസിനസ് നാഷണൽ സ്റ്റേറ്റ്സ്മാൻ ഫോർ ക്വാളിറ്റി ഇൻ ഇന്ത്യ 2007 സിഎൻഎൻ ഐബിഎൻ ഇന്ത്യൻ എഫ്സി ഇയർ 2007 പബ്ലിക് സർവീസ് 2008 പദ്മവിഭൂഷൺ ഭാരത സർക്കാർ 2008 ഡിലിറ്റ് രാജസ്ഥാനിലെ രാജസ്ഥാൻ ടെക്നിക്കൽ യൂണിവേഴ്സിറ്റി 2009ൽ തുർക്കി ഐഐടി യുടെ ഡോക്ടറേറ്റ് ബിരുദം ന്യൂസ് മേക്കർ ഓഫ് ദ ഇയർ മനോരമ 2012 ശ്രീ ചിത്രത്തിരുനാൾ ദേശീയ അവാർഡ് 2012 ശ്രീധരൻ ജിൻഡാൾ ഫൗണ്ടേഷൻ 2012ൽ എസ്ആർ ജിൻഡാൾ പുരസ്കാരം ബഹുമാനപൂർവ്വം ടി കെ എം കോളേജ് ഓഫ് എൻജിനീയറിങ്ങിന്റെ 2013ലെ ലൈഫ് ടൈം അച്ചീവ്മെന്റ് ടികെഎം 60 പ്ലസ് അവാർഡ് മഹാമായ ടെക്നിക്കൽ യൂണിവേഴ്സിറ്റി ആദ്യ സമ്മേളനത്തിൽ 2013ൽ ഡോക്ടർ ഓഫ് സയൻസ് ബഹുമാന പുരസ്കാരം റോട്ടറി ഇന്റർനാഷണൽ ഫോർ ദ. സ്റ്റൈക്ക് ഓഫ് ഹോണർ ലൈഫ് ടൈം അച്ചീവ്മെന്റ് ഗവൺമെന്റ് അവാർഡ് 2013ൽ ശ്രീധരന്റെ ജീവിതത്തെ ആസ്പദമാക്കി എം അശോകൻ എഴുതിയ കർമ്മയോഗി ശ്രീധരന്റെ ജീവിതകഥ എന്ന ഗ്രന്ഥം ശ്രീധരന്റെ ആധികാരിക ജീവിതചരിത്രമായി അറിയപ്പെടുന്നു. ജീവിത വിജയത്തിന്റെ പാഠപുസ്തകം എന്ന പേരിൽ പി വി ആർ വി ഒരു ലഘു ജീവചരിത്രം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ രണ്ടു പുസ്തകങ്ങളും കേരളത്തിലെ ഏറ്റവും വിൽപ്പന രേഖ പ്പെടുത്തിയ രണ്ടു പുസ്തകങ്ങളായിരുന്നു. ഈ ശ്രീധരനെ കുറിച്ചുള്ള മറ്റൊരു പുസ്തകം രാജേന്ദ്ര ബി അക്ലേക്കരുടെ ഇന്ത്യൻ റെയിൽവേ മനുഷ്യൻ ഡോക്ടർ ഇ ശ്രീധരന്റെ ജീവചരിത്രം എന്ന പേ രിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പുസ്ത കം ഡോക്ടർ ഇ ശ്രീധരൻ അംഗീകരിക്കുകയും അദ്ദേഹം ഒപ്പിട്ട ഒരു കുറിപ്പ് ഈ പുസ്തകത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു.

വളരെ അച്ചടക്കവും സത്യസന്ധതയും ഉള്ള വ്യക്തിയാണ് ഇ. ശ്രീധരൻ സർ 'ടൈം' (സമയനിയന്ത്രണം) ആയിരുന്നു അദ്ദേഹത്തിന്റെ ശക്തി. ഏതൊരു പദ്ധതിയിലും സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കിയ വ്യക്തിയാണ്.

### പ്രധാന സംഭാവനകൾ

1. 1964 ഡിസംബറിൽ, ഒരു ചുഴലിക്കാറ്റിൽ രാമേശ്വരത്തെ തമിഴ്നാടുമായി ബന്ധിപ്പിക്കുന്ന പാമ്പൻ പാലത്തിന്റെ ചില ഭാഗങ്ങൾ ഒലിച്ചുപോയി. പാലം നന്നാക്കാൻ റെയിൽവേ ആറ് മാസത്തെ സമയം നിശ്ചയിച്ചു, എന്നാൽ പാലം ശ്രീധരന്റെ അധികാരപരിധിയിൽ വന്നപ്പോൾ, അത് മൂന്ന് മാസമായി കുറച്ചു. ശ്രീധരനെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചത്, വെറും 46 ദിവസത്തിനുള്ളിൽ അദ്ദേഹം പാലം പുനഃസ്ഥാപിച്ചു. ഈ നേട്ടത്തിനുള്ള അംഗീകാരമായി റെയിൽവേ മന്ത്രിയുടെ അവാർഡ് അദ്ദേഹത്തിന് ലഭിച്ചു.ഈ കഴിവാണ്.അദ്ദേഹം ആദ്യമായി ശ്രദ്ധിക്കപ്പെട്ടത്

2. കൊങ്കൺ റെയിൽവേ (1990–1998)

മംഗലാപുരം മുതൽ മുംബൈ വരെയുള്ള കടലോര പാത, മലകളും കടലും ചേർന്ന് രൂപം കൊടുത്ത അതി അപകടകരമായ ഭൂമിശാസ്ത്രത്തിൽ നിർമിച്ചത് അസാധ്യമാണ് എന്ന് പലരും പറഞ്ഞിരുന്നു. പക്ഷേ ശ്രീധരനും ടീമും അത് സാധ്യമാക്കി. 760 കിലോമീറ്റർ ദൈർഘ്യം 150ത്തിലധികം പാലങ്ങൾ 90ത്തിലധികം തുരങ്കങ്ങൾ ഇന്ത്യയിലെ ഏറ്റവും വെല്ലുവിളികളുള്ള പദ്ധതികളിൽ ഒന്നായി മാറി.

3. കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ്

ശ്രീധരൻ 1979 ഒക്ടോബറിൽ കൊച്ചിൻ ഷിപ്പ്യാർഡിൽ ചേർന്നപ്പോൾ,അത് ഉൽപ്പാദനക്ഷമത കുറഞ്ഞ ഒരു ഘട്ടത്തിലൂടെ കടന്നുപോകുകയായിരുന്നു. ആദ്യ കപ്പലായ എംവി റാണി പത്മിനിയുടെ ഉത്പാദനം വളരെക്കാലം വൈകിയിരിക്കുകയായിരുന്നു.ശ്രീധരൻ ചുമതലയേറ്റപ്പോൾ, അദ്ദേഹം ക

# Importance Days in October

1 October - **International Day of the Older Persons**

International Day of the Older Persons is observed on 1 October every year to raise problems faced by elder persons and to promote the development of a society for all ages. The United Nations General Assembly adopted a resolution on 14 December 1990 and designated 1 October as the International Day of Older Persons.

1 October - **International Coffee Day**

International Coffee Day is celebrated on 1 October every year to recognise millions of people across the world from farmers, roasters, baristas, coffee shop owners, etc. who do hard work to create and serve the beverage in the consumable form.

1 October - **World Vegetarian Day**

World Vegetarian Day is observed on 1 October annually. It was founded in 1977 by the North American Vegetarian Society (NAVS) and in 1978 was endorsed by the International Vegetarian Union.

1 October -**Mahanavami**

Mahanavami on 1st October marks the ninth day of Navratri, celebrating Goddess Durga.

2 October - **Gandhi Jayanti**

Gandhi Jayanti is celebrated on 2nd October every year to mark the birth anniversary of Mahatma Gandhi. He was born on 2 October 1869 in Porbandar, Gujarat. He is an inspiration in the lives of famous world leaders and in our lives too.

2 October - **International Day of Non-Violence**

International Day of Non-Violence is observed on 2 October to mark the birthday of Mahatma Gandhi who had played an important role in India's Independence. On 15 June 2007, the General Assembly adopted a resolution establishing the International Day of Non-Violence to spread the message of non-violence including education and public awareness.

2 October -**Dussehra**

In 2025, Dussehra will be celebrated on 2th October. This day marks the victory of Lord Rama over the demon king Ravana, symbolising the triumph of good over evil.

2 October- **Lal Bahadur Shastri Jayanti**

On October 2 every year, the nation celebrates the birth anniversary of Lal Bahadur Shastri who served as the second Prime Minister of India from 1964 to 1966

3 October - **German Unity Day**

German Unity Day is celebrated on 3 October every year to mark the anniversary of the nation's unification. On 3 October 1990, the Federal Republic of Germany and the Democratic Republic of Germany were united as one single federal Germany.

4 October - **World Animal Welfare Day**

World Animal Welfare Day is celebrated on 4 October to raise awareness among people about taking actions worldwide for the rights of animals as well as their welfare. It is necessary to improve welfare standards worldwide.

5 October - **World Teachers' Day**

World Teachers' Day is celebrated on 5 October every year in the whole world to commemorate the anniversary of the adoption of the ILO/UNESCO Recommendation concerning the Status of Teachers in 1966. No doubt this Recommendation sets benchmarks regarding the rights and responsibilities of teachers, education, recruitment, employment, etc.

6 October - **German-American Day**

German-American Day is observed on 6 October every year. This day is celebrated as the German-American heritage.

6 October - **World Cerebral Palsy Day**

World Cerebral Palsy Day, observed on 6th October, raises global awareness and advocates for the rights of people with cerebral palsy. Established in 2012, it promotes inclusion, accessibility, and equal opportunities for those affected by the condition.

6 October (First Monday of October): **World Habitat Day**

World Habitat Day is observed on the first Monday of October month throughout the world. It was declared by the United Nations General Assembly in December 1985 and in 1986, the first time it was celebrated across the globe.

7 October - **World Cotton Day**

It is observed on October 7 globally to provide an opportunity to recognise the importance of cotton worldwide.

7 October - **Valmiki Jayanti**

Valmiki Jayanti, celebrated on 7th October, honours the revered sage Valmiki, the author of the epic Ramayana.

8 October - **Indian Air Force Day**

Indian Air Force Day is celebrated on 8 October all over India. On 8 October 1932, Indian Air Force Day was established.

9 October - **World Postal Day**

World Postal Day is celebrated on 9 October every year to raise awareness among people about the role of the postal sector for people and businesses every day. In 1874, the Universal Postal Union was established in Bern, Switzerland and its anniversary was declared as World Postal Day by the Universal Postal Union Congress in Tokyo, Japan in 1969.

9 October (Second Thursday of October): **World Sight Day**

World Sight Day is observed on the second Thursday of October month. In 2025, it falls on 9 October. The aim of celebrating World Sight Day is to increase awareness about attention to vision impairment and blindness.

9 to 10 October - **Karva Chauth**

In 2024, Karva Chauth will be celebrated on 9th and 10th October. It is a significant festival for married women in India who fast for the well-being and longevity of their husbands.

10 October- **National Post Day**

Every year October 10 is observed as National Post Day in India. It is observed to recognize the role played by the Indian Postal Department for more than 150 years. The British brought postal service to India. Lord Dalhousie established it in 1854. It is currently the most commonly used postal system in the world and is run by the Ministry of Communications. India has 9 postal zones, 23 postal circles, and one Army Post Office. India's post offices use a 6-digit PIN Code system that was implemented there in 1972.

10 October - **World Mental Health Day**

World Mental Health Day is observed on 10 October every year to raise awareness about the scale of suicide around the world and the role that each of us can play in preventing it. This day is organised by the World Federation for Mental Health. It is also supported by WHO, the International Association for Suicide Prevention, and the United for Global Mental Health.

11 October - **International Day of the Girl Child**

International Day of the Girl Child is observed on 11 October to raise voices for girls and stand up for their rights.

13 October - **International Day for Disaster Risk Reduction**

International Day for Natural Disaster Reduction is observed annually on 13 October to raise awareness about the risk of disaster reduction. In 1989, the International Day of Disaster Risk Reduction was started by the United Nations General Assembly.

13 October - **Breast Cancer Awareness Day**

Breast Cancer Awareness Day on 13th October aims to raise awareness about breast cancer and promote early detection and treatment. Established in the early 2000s, this day honours those affected by the disease and emphasises the importance of regular screenings and education for better outcomes.

14 October - **World Standards Day**

World Standards Day is observed on 14 October every year to raise awareness among regulators, industry, and consumers to show the importance of standardization to the global economy.

15 October - **Pregnancy and Infant Loss Remembrance Da**y

Pregnancy and Infant Loss Remembrance Day is observed on 15 October annually in the United States. This day is a day of remembrance for pregnancy loss and infant death. It is observed with remembrance ceremonies and candle-lighting vigils.

15 October - **Global Handwashing Day**

Global Handwashing Day is observed on 15 October every year and it was founded by the Global Handwashing Partnership. This day provides an opportunity to design, test and replicate creative ways to encourage people to wash their hands with soap at critical times. In 2008, the first Global Handwashing Day was celebrated.

15 October - **World White Cane Day**

World White Cane Day is celebrated on 15 October by the National Federation of the Blind. White cane for blind people is an essential tool that gives them the ability to achieve a full and independent life. With the help of a white cane, they can move freely and safely from one place to another.

15 October - **World Students' Day**

World Students' Day is observed on 15 October annually to mark the birth anniversary of A.P.J. Abdul Kalam. This day honours and pays respect to him and his efforts in the field of science and technology and also the role of the teacher that he played throughout his scientific and political careers.

16 October - **World Food Day**

World Food Day is celebrated every year on 16 October to inspire people about healthy diets. On this day Food and Agriculture Organisation was established and launched by the United Nations in 1945.

16 October: **World Anaesthesia Day**

World Anaesthesia Day is celebrated on October 16 to mark the first successful demonstration of diethyl ether anaesthesia in 1846.




ഷോപ്പിംഗ് മന്ത്രമാക്കുക. നമ്മുടെ രാജ്യത്ത് നിർമ്മിക്കുന്ന സാധനങ്ങൾ മാത്രമേ നാം വാങ്ങുകയുള്ളൂ എന്ന് ദൃഢനിശ്ചയമെടുക്കുക. നമ്മുടെ നാട്ടുകാർ നിർമ്മിക്കുന്നത് മാത്രമേ നാം വീട്ടിലേക്ക് കൊണ്ടുപോകുകയുള്ളൂ. നമ്മുടെ നാട്ടിലെ പൗരന്റെ കഠിനാധ്വാനം കൊണ്ട് ഉണ്ടാക്കിയ സാധനങ്ങൾ മാത്രമേ നാം ഉപയോഗിക്കുകയുള്ളൂ. നമ്മൾ ഇങ്ങനെ ചെയ്യുമ്പോൾ, ഒരു സാധനം വാങ്ങുക മാത്രമല്ല, ഒരു കുടുംബത്തിന് പ്രതീക്ഷ നൽകുകയും ചെയ്യുന്നു, ഒരു കരകൗശല വിദഗ്ദ്ധന്റെ കഠിനാധ്വാനത്തെ ബഹുമാനിക്കുന്നു, ഒരു യുവസംരംഭകന്റെ സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകുന്നു.

സുഹൃത്തുക്കളേ,

ഉത്സവ അവസരങ്ങളിൽ നാമെല്ലാവരും നമ്മുടെ വീടുകൾ വൃത്തിയാക്കുന്ന തിരക്കിലാണ്. എന്നാൽ ശുചിത്വം വീടിന്റെ നാല് ചുവരുകളിൽ മാത്രം ഒതുങ്ങരുത്. തെരുവ്, പ്രദേശം, കമ്പോളം, ഗ്രാമം എന്നിങ്ങനെ എല്ലായിടത്തും ശുചിത്വം വരുത്തേണ്ടത് നമ്മുടെ ഉത്തരവാദിത്തമായി മാറണം. സുഹൃത്തുക്കളേ, നമ്മുടെ നാട്ടിൽ ഇപ്പോൾ ആഘോഷങ്ങളുടെ കാലമാണ്, ദീപാവലി ഒരു തരത്തിൽ ഒരു മഹോത്സവമാണ്. വരാനിരിക്കുന്ന ദീപാവലിക്ക് നിങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു, അതേ സമയം നാം സ്വയംപര്യാപ്തരാകണമെന്നും, രാജ്യത്തെ സ്വയംപര്യാപ്തമാക്കണമെന്നും, അതിലേക്കുള്ള പാത സ്വദേശിയിലൂടെ മാത്രമാണെന്നും ഞാൻ ആവർത്തിക്കുന്നു.

സുഹൃത്തുക്കളേ,

ഇത്തവണ മൻ കി ബാത്തിൽ ഇത്രമാത്രം. പുതിയ കഥകളും പ്രചോദനങ്ങളുമായി അടുത്ത മാസം നമ്മൾ വീണ്ടും ഒത്തുചേരും. അതുവരെ, നിങ്ങൾക്കെല്ലാവർക്കും ആശംസകൾ. വളരെ നന്ദി.

# ഇന്ത്യയുടെ മെട്രോമാൻ

പ്പൽശാലയുടെ ഭാഗ്യം തിരിച്ചുവിട്ടു, അദ്ദേഹം അതിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറും (സിഎംഡി) ആയിരിക്കുമ്പോൾ തന്നെ അതിന്റെ ആദ്യ കപ്പൽ നിർമ്മിക്കുന്നുവെന്ന് ഉറപ്പാക്കി. 1981ൽ, ശ്രീധരന്റെ നേതൃത്വത്തിൽ, കപ്പൽശാല അതിന്റെ ആദ്യ കപ്പലായ എംവി റാണി പത്മിനി പുറത്തിറക്കി.

4. ഡൽഹി മെട്രോ (1995–2012)

ഇന്ത്യയുടെ തലസ്ഥാന നഗരിയുടെ ഗതാഗതം മാറ്റിമറിച്ച ഏറ്റവും വലിയ പദ്ധതി. സമയബന്ധിതമായി പൂർത്തിയാക്കിയത്. ലോകോത്തര നിലവാരമുള്ള സംവിധാനം ഇന്ത്യക്ക് നൽകിയെടുത്തു.'മെട്രോമാൻ' എന്ന പേര് ലഭിച്ചത് ഇതിലൂടെ.

5. കൊൽക്കത്ത മെട്രോ

1970ൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ എന്ന നിലയിൽ, ഇന്ത്യയിലെ ആദ്യത്തെ മെട്രോയായ കൽക്കട്ട മെട്രോയുടെ നടത്തിപ്പ്, ആസൂത്രണം, രൂപകൽപ്പന എന്നിവയുടെ ചുമതല അദ്ദേഹത്തെ ഏൽപ്പിച്ചു. പദ്ധതി പൂർത്തിയാക്കുക മാത്രമല്ല, ഇന്ത്യയിലെ ആധുനിക അടിസ്ഥാന സൗകര്യ എഞ്ചിനീയറിംഗിന് അടിത്തറ പാകുകയും ചെയ്തു.

6. കൊച്ചി മെട്രോ:

കൊച്ചി മെട്രോ റെയിൽ സ്റ്റേഷന്റെ മാതൃക

ഡിഎംആർസിയിൽ നിന്ന് വിരമിച്ച ശേഷം, ശ്രീധരനെ കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ പ്രിൻസിപ്പൽ ഉപദേഷ്ടാവായി നിയമിച്ചു. ശ്രീധരനും ഡിഎംആർസിയും ആദ്യം ആവശ്യപ്പെട്ടതുപോലെ കൺസൾട്ടൻസിയും പദ്ധതി നിർവ്വഹണവും ഡിഎംആർസി കൈകാര്യം ചെയ്യാൻ അനുവദിക്കുന്നതിനുപകരം, കൊച്ചി മെട്രോയ്ക്കായി സർക്കാർ ആഗോള ടെൻഡർ പ്രക്രിയ പ്രഖ്യാപിച്ചതോടെ തുടക്കത്തിൽ പദ്ധതി തടസ്സങ്ങൾ നേരിട്ടു. ഈ തീരുമാനത്തിൽ സർക്കാരിലെ നിക്ഷിപ്ത താൽപ്പര്യങ്ങൾ ആരോപിക്കപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും, നിരവധി രാഷ്ട്രീയ പാർട്ടികൾ ഈ നീക്കത്തെ എതിർത്തു, കൊച്ചി മെട്രോയിൽ ഡിഎംആർസിയുടെ പങ്ക് നടപ്പിലാക്കാനുള്ള ശ്രീധരന്റെ തീരുമാനത്തെ പിന്തുണച്ചു, അതിനുശേഷം സർക്കാർ നിലപാട് മാറ്റി.  2017 ജൂൺ 17 ന് കൊച്ചി മെട്രോ ഒടുവിൽ അനാച്ഛാദനം ചെയ്തു. വളരെയധികം ആഘോഷങ്ങൾക്കിടയിൽ. മെട്രോയുടെ അനാച്ഛാദനം പൂർത്തീകരണ സമയം, ഉപയോഗിച്ച നിയന്ത്രണ സംവിധാനങ്ങൾ, ട്രാൻസ്ജെൻഡർമാരെ നിയമിക്കൽ,  ലംബമായ പൂന്തോട്ടപരിപാലനം, കുടിയേറ്റ തൊഴിലാളികളെ ബഹുമാനിക്കൽ,  സൗരോർജ്ജ ഉപയോഗം തുടങ്ങിയ സംരംഭങ്ങളുടെ കാര്യത്തിൽ ഇന്ത്യയിലെ ഒരു നാഴികക്കല്ലായി കണക്കാക്കപ്പെട്ടു.

7.ലഖ്നൗ മെട്രോ

ലഖ്നൗ മെട്രോയുടെ മുഖ്യ ഉപദേഷ്ടാവായി ശ്രീധരനെ നിയമിച്ചു ഇ. ശ്രീധരന്റെ അഭിപ്രായത്തിൽ, കൊച്ചി മെട്രോ നാല് വർഷം കൊണ്ടാണ് നിർമ്മിച്ചത്, അതേസമയം ലഖ്നൗ മെട്രോ രണ്ട് വർഷവും ഒമ്പത് മാസവും കൊണ്ട് പൂർത്തിയാകുമെന്നും, ഇന്ത്യയിലും ലോകത്തും ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും വേഗതയേറിയതായിരിക്കും ഇ. ശ്രീധരൻ.

ജയ്പൂർ മെട്രോയ്ക്കും ഡിഎംആർസി അതിന്റെ നടത്തിപ്പ് ഏറ്റെടുത്തതിനും അദ്ദേഹം ഉപദേശകനായി പ്രവർത്തിക്കുന്നു

മുഖ്യമന്ത്രി ചന്ദ്രബാബു നായിഡുവിന്റെ നേതൃത്വത്തിൽ ആന്ധ്രാപ്രദേശിലെ വിശാഖപട്ടണം, വിജയവാഡ (വിജിടിഎം) മേഖലകളിൽ ഒരു നിർദ്ദിഷ്ട മെട്രോ റെയിൽ സംവിധാനത്തിന്റെ ഉപദേഷ്ടാവായി അദ്ദേഹം നിയമിതനായിട്ടുണ്ട്.  കോയമ്പത്തൂർ മെട്രോയുടെ ഉപദേഷ്ടാവായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. നിരവധി നഗരങ്ങളിലെ മെട്രോ പദ്ധതികൾക്കും അദ്ദേഹം മാർഗ്ഗനിർദ്ദേശം നൽകി. ഈ ശ്രീധരൻ സാറിന്റെ ജീവിതവിജയത്തിന്റെ കർമ്മധീരതയുടെ ഹൈലൈറ്റ് ഭഗവദ്ഗീത.ഇന്ന് കേരളം കണ്ട രാഷ്ട്രീയക്കാരെക്കാൾ നൂറുമടങ്ങ് പരിശുദ്ധ വ്യക്തിത്വമാണ് ഇ.ശ്രീധരൻ സാർ.എന്ന മെട്രോമാൻ....ഒരാളുടെ വ്യക്തിപരമായ അവകാശവും ജീവിതവുമാണ് ജനാധിപത്യമായ  ഇന്ത്യയിൽ ഓരോ  വ്യക്തിയുടെ രാഷ്ട്രീയ ജീവിതം അതിന്റെ പേരിൽ ആരൊക്കെ ഇകഴ്ത്താൻ നോക്കിയാലും  ഇ. ശ്രീധരൻ സർ എന്ന വ്യക്തിയുടെ മാഹാത്മ്യം ഇന്ത്യ മഹാരാജ്യത്തിന്റെ ചരിത്രലിപികളിൽ നിന്നും മായ്ച്ചു കളയുവാൻ ആകില്ല...ബിഗ്സല്യൂട്ട്

# Importance Days in October

16 October: **Boss Day**

National Boss Day or Boss's Day is celebrated on 16 October to appreciate the work of their employers. The day also acknowledges the hard work, dedication, and challenges faced by the managers or superiors in an organisation.

16 October: **World Spine Day**

It is observed on 16 October to highlight the burden of spinal pain and disability around the world.

17 October - **International Day for the Eradication of Poverty**

International Day for the Eradication of Poverty is observed on 17 October every year. This day marks the adoption of the Convention on the Rights of the Child (UNCRC) on 20 November 1989.

18 October - **Dhanteras**

Dhanteras 2025 will be celebrated on 18 October. This day marks the beginning of the Diwali festivities. It is a day dedicated to honouring Lord Kuber and Lord Dhanvantari and is traditionally associated with buying new items, especially gold and silver, to bring prosperity and good fortune into the home.

20 October - **World Statistics Day**

World Statistics Day is celebrated on October 20. The first such day was observed on October 20, 2010. This year the world witnessed the third World Statistics Day. The day was created by the United Nations Statistical Commission to acknowledge the importance of data authenticity and credibility across the globe.

21 October - **Police Commemoration Day**

The day is observed on October 21 to honour police officials who have made the supreme sacrifice in the line of duty.

21 October - **Diwali**

Diwali, the festival of lights, symbolizes the triumph of good over evil, bringing hope, joy, and prosperity to homes everywhere. As the diyas glow bright, may your life be filled with happiness, love, and success. This year, Diwali will be celebrated on 21st October.

22 October- **Govardhan Puja**

Govardhan Puja in 2025 will be celebrated on the 22nd of October. It is a significant festival in Hindu culture that honours Lord Krishna's miraculous lifting of the Govardhan Hill. This event symbolises the protection of devotees and showcases Krishna's divine power in safeguarding the people of Vrindavan from the wrath of Indra.

23 October - **Bhaidooj**

In 2025, Bhaidooj will be celebrated on October 23. This is a heartwarming festival in India that strengthens the bond between brothers and sisters. Observed on the second day after Diwali, this occasion honours the unique relationship siblings share, with sisters praying for their brother's long life and prosperity.

23 October - **Mole Day**

Mole Day is observed on 23 October every year. This day commemorates Avogadro's Number which is a basic measuring unit in chemistry. This day was created to generate interest in chemistry.

24 October - **United Nations Day**

United Nations Day is observed on 24 October every year to mark the anniversary of the UN Charter's entry into force. Since 1948, this day has been celebrated and in 1971 it was recommended by the United Nations General Assembly to be observed by the Member States as a public holiday.

24 October - **World Development Information Day**

World Development Information Day is celebrated on 24 October every year to draw the attention of the world to development problems and the need to strengthen international cooperation to solve them.

25 to 28 October - **Chhath Puja**

Chhath is an ancient Hindu festival observed with great joy and fervour in Bihar, Uttar Pradesh, Madhya Pradesh, Jharkhand, West Bengal and in some provinces of Nepal. The four-day-long festival is dedicated to the solar deity, Surya and his sister Chhathi Maiya (Usha). It is observed to show gratitude and request for good health, prosperity and long life.

28 October- **International Animation Day**

International Animation Day, celebrated on 28th October, recognizes the art and craft of animation, highlighting its cultural impact and creativity.

30 October - **World Thrift Day**

World Thrift Day is observed on 30 October every year in India and in worldwide it is observed on 31st October. This day is devoted to the promotion of savings all over the world.

31 October - **Rashtriya Ekta Diwas or National Unity Day**

Rashtriya Ekta Diwas or National Unity Day is observed on 31 October every year to commemorate the birth anniversary of Sardar Vallabhai Patel. He had played an important role in unifying the country.

31 October - **Halloween**

Halloween, celebrated on 31st October, has its roots in the ancient Celtic festival of Samhain, marking the end of the harvest season and the beginning of winter.